July 2016
Vol. 13 - Issue 07
Published on
2nd July. 2016

Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/06/16-18
RNI Reg. No. KERMAL / 2004 / 12496
Posted at Thodupuzha Stg.




St. Alphonsa

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ജൂലൈ 2016
ലക്കം 07



ഇടുക്കി രൂപതാ ബുള്ളറ്റിൻ



ജൂലൈ 25 ന്
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന
പ്രോട്ടോ സിഞ്ചെല്ലൂസ്
പെ. ബഹു. ജെയിംസ് മംഗല്ലശ്ശേരിയച്ചന്
രൂപതാക്കുടുംബത്തിന്റെ
ആശംസകൾ



Newly Consecrated
Amalolbhavamatha Church
Poomamkandom



Newly Consecrated
Bl. Kunjachan Church Marianagar

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 7
Month : July 2016



*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikkoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com

### ഈ ലക്കത്തിൽ

| | |
|---|---|
| സഭാദിനം | 05 |
| യുവജനദിനം | 11 |
| സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം | 16 |
| രൂപതക്കച്ചേരി | 31 |
| ക്രിസ്തുജ്യോതി | 39 |
| വിദ്യാഭ്യാസം | 41 |
| സാമൂഹ്യസേവനം | 43 |
| ചെറുപുഷ്പ മിഷൻലീഗ് | 45 |
| കെ.സി.എസ്.എൽ. | 47 |
| കെ.സി.വൈ.എം. | 48 |
| കുടുംബ പ്രേഷിതത്വം | 49 |
| നവോമി കുടുംബകേന്ദ്രം | 51 |
| പ്രാർത്ഥനാഗ്രൂപ്പ് | 51 |
| കേരള ലേബർ മൂവ്മെന്റ് | 53 |
| വാർത്തകളും വിശേഷങ്ങളും | 54 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 56 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 57 |

**"We are all on a journey to the common house of heaven, where we will be able to admire with joyful wonder the mystery of the universe."** *(Pope Francis : Tweet 20/06/2016)*

## ഓർമ്മിക്കാൻ

### ജൂലൈ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | കെ.സി.എസ്.എൽ. രൂപതാതല ആനിമേറ്റേഴ്സ് സംഗമം. |
| | : | കെ.എൽ.എം. വനിതാഫോറം രൂപതാസംഗമം, സ്നേഹമന്ദിരം, പടമുഖം. |
| 03 | : | സഭാദിനം, മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ, കൈത്താക്കാലം ആരംഭിക്കുന്നു, പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ. |
| 05–07 | : | നവാഗത മതാദ്ധ്യാപകർക്ക് പരിശീലനം, ക്രിസ്തുജ്യോതി |
| 08 | : | നിസിബിസിലെ വി. യാക്കോബ് |
| 09 | : | പാസ്റ്ററൽ കൗൺസിൽ |
| 11 | : | വി. ബനഡിക്ട് |
| 11–13 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 14–15 | : | കെ.എൽ.എം. വനിതാഫോറം സംസ്ഥാന ക്യാമ്പ്, പി.ഒ.സി. |
| 15 | : | വി. കുര്യാക്കോസും വി. ജൂലിറ്റായും, മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി |
| 15–16 | : | സി.എം.എൽ. രൂപതാവാർഷികം, പാവനാത്മാ കോളേജ് |
| 16 | : | കർമ്മലമാതാവ് |
| 16–17 | : | കെ.എൽ.എം. സംസ്ഥാന ലീഡേഴ്സ് ക്യാമ്പ്, പി.ഒ.സി. |
| 18–20 | : | യുവവൈദീക സമ്മേളനം, ആത്മജ്യോതി അടിമാലി |
| 25 | : | വി. യാക്കോബ് ശ്ലീഹ |
| 25–27 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 26 | : | വി. ജോവാക്കിമും വി. അന്നായും |
| 28 | : | വി. അൽഫോൻസ |
| 29 | : | വി. മർത്താ |
| 30 | : | വി. ഇഗ്നേഷ്യസ് ലയോള |
| | : | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാനിക്കുന്നു |

# C. 17. സഭാദിനം - ഇടയലേഖനം

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

സാർവ്വത്രിക സഭ കാരുണ്യവർഷം ആഘോഷിക്കുന്ന സന്ദർഭമാണല്ലോ ഇത്. നമ്മുടെ എല്ലാ അതിരൂപതകളിലും രൂപതകളിലും കാരുണ്യവർഷത്തിന്റെ സന്ദേശം മെത്രാന്മാമാരും വൈദികരും സമർപ്പിതരും അല്മായരായ സഹോദരീ സഹോദരന്മാരും നന്നായി സ്വീകരിച്ചുകാണുന്നതിൽ സന്തോഷം അറിയിക്കുന്നു.

കുടുംബങ്ങൾക്കു വേണ്ടിയുള്ള റോമിൽ നടന്ന രണ്ടു സിനഡുകൾക്കുശേഷം ഈ കാരുണ്യവർഷത്തിൽ തന്നെ *സ്നേഹത്തിന്റെ സന്തോഷം* എന്ന അപ്പസ്തോലിക പ്രബോധനം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ പ്രബോധന രേഖയുടെ ഉള്ളടക്കത്തെയും അത് ഉദ്ദേശിക്കുന്ന കുടുംബ നവീകരണ പദ്ധതികളെയും കുറിച്ച് നമ്മുടെ സഭയിലെ മേലധ്യക്ഷന്മാരുടെയും മറ്റ് സഭാശ്രുശ്രൂഷകരുടെയും ലേഖനങ്ങളും നിർദ്ദേശങ്ങളുമൊക്കെ സഭാമക്കൾ സ്വീകരിച്ചു കൊണ്ടിരിക്കുകയുമാണ്.

കുടുംബത്തെ ത്രിതൈ്വക ദൈവത്തിന്റെ പ്രവർത്തനമേഖലയായിട്ടാണ് പരിശുദ്ധ പിതാവ് കാണുന്നത്. ഇനി മുതൽ സഭയുടെ അജപാലനപരവും പ്രേഷിതപരവുമായ പ്രവർത്തനങ്ങൾ കുടുംബത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാകണം എന്നു പറയാൻ



ഞാൻ ആഗ്രഹിക്കുന്നു. സഭാശുശ്രൂഷാരീതികളിൽ അടിസ്ഥാനപരമായ മാറ്റം വന്നാലെ ഇതു സാധ്യമാകുകയുള്ളു. ദൈവാരാധന, വിശ്വാസപരിശീലനം, ഇടവകപ്രവർത്തനങ്ങൾ, പ്രത്യേക പ്രേഷിത പരിപാടികൾ, ഇടവകയിലെ ഘടനാപരമായ പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാഭ്യാസപരവും ആതുരശുശ്രൂഷാപരവും സാമൂഹികക്ഷേമപരവും പരസ്നേഹപരവുമായ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി കുടുംബത്തിന്റെ നന്മയും വളർച്ചയും ലക്ഷ്യമാക്കുവാൻ നാം പരിശ്രമിക്കണമെന്നതാണ് ഈ പുതിയ ശൈലിക്ക് ആവശ്യകമായ വീക്ഷണം. അതിനുള്ള ചർച്ചകൾ, കുടുംബക്കൂട്ടായ്മ, സംഘടനകൾ വിശിഷ്യ, കത്തോലിക്കാ കോൺഗ്രസ്, സെമിനാറുകൾ എന്നിവയിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ അജപാലകർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ജൂലൈ 3-ാം തീയതി വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. തോമാശ്ലീഹാ നമ്മുടെ സഭയുടെ പിതാവാകയാൽ ദുക്റാനത്തിരുനാളിൽ സഭയെത്തന്നെയാണ് നാം ചിന്താവിഷയമാക്കേണ്ടത്. ലോകത്തിൽ സഭയുടെ ദൗത്യം മിശിഹായുടെ ദൗത്യം തന്നെയാണ്. ദൈവത്തിന്റെ സ്നേഹം പ്രഘോഷിക്കുവാനും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കുവാനും ജീവൻ തന്നെയും വിലയായിക്കൊടുത്തും മിശിഹായെപ്പോലെ ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുവാനുമുള്ള വിളിയാണ് ക്രൈസ്തവ ദൈവവിളി.

സിറിയായിലും മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങളിലും ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ മനുഷ്യർ ക്രൂരമായി കൊല്ലപ്പെടുന്ന വേദനാജനകമായ സംഭവങ്ങൾ മാധ്യമങ്ങളിലൂടെ നാം അറിഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ആ വീരാത്മാക്കളെ നമുക്കു ദൈവ തിരുസന്നിധിയിൽ സമർപ്പിക്കാം. നമ്മുടെ ഭാരതത്തിലും വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ ഏല്ക്കേണ്ടി വരുന്ന ക്രൈസ്തവ സഹോദരങ്ങൾ ഉണ്ട്. ഏതവസരത്തിലും വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാനുള്ള ശക്തി നമുക്കു

ലഭിക്കുന്നതിനുവേണ്ടി നാം നിരന്തരം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവനാണ് മാർത്തോമ്മാശ്ലീഹാ. മാർത്തോമ്മായുടെ മക്കളും വിശ്വാസത്തിനുവേണ്ടി വീരോചിതസാക്ഷ്യം നല്കുവാൻ സന്നദ്ധരാകണം.

തോമാശ്ലീഹാ പ്രേഷിതനാണ്. അദ്ദേഹത്തെപ്പോലെ നാമും പ്രേഷിതരാകേണ്ടവരാണ്. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' (1 കോറി. 9:16) എന്നാണ് പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്. സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും സുവിശേഷം ആവശ്യപ്പെടുന്ന ത്യാഗം ഏറ്റെടുക്കാനും നമുക്കു കഴിയണം. ഇന്നത്തെ സാഹചര്യത്തിൽ പ്രേഷിതപ്രവർത്തനമെന്നു പറഞ്ഞാൽ മിശിഹാ നല്കിയ സുവിശേഷമൂല്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ഇതര മതങ്ങളിലെയും സംസ്കാരങ്ങളിലെയും മൂല്യങ്ങളോട് ചേർത്തു സുവിശേഷമൂല്യങ്ങളെ മനുഷ്യസമൂഹത്തിന്റെ പൊതുസമ്പത്തായി മാറ്റുകയും ചെയ്യുക എന്നതാണ്. ജാതിമതഭേദമെന്യേ എല്ലാവരോടും സ്നേഹപൂർവം ഒന്നുചേർന്നു ജീവിക്കുവാനും ജീവിതത്തിന്റേതായ സംവാദത്തിലൂടെ മാനവസമൂഹത്തെ പൊതുവായ ഒരു സാംസ്കാരിക മാനവികതയിലേക്കു ഉയർത്തി പ്രതിഷ്ഠിക്കുവാനും നമുക്കു കഴിയണം. മനുഷ്യവംശത്തിൽ ആരും ആർക്കും അന്യരല്ലെന്നും എല്ലാവരും എല്ലാവർക്കും സഹോദരീസഹോദരൻമാരാണെന്നുമുള്ള മാനവികതയുടെ സംസ്കാരം പടുത്തുയർത്തുവാൻ നമുക്കു സാധിക്കണം.

ദൈവം നമ്മെ സ്നേഹിക്കുന്നു. അവിടുത്തേക്കു മുഖം നോട്ടമില്ല. എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന ദൈവസ്നേഹത്തിന്റെ ശൈലി നമ്മുടെ സ്നേഹത്തിന്റെ ശൈലിയാകണം. നമ്മെ സ്നേഹിക്കുന്നവരെ മാത്രം നമ്മൾ സ്നേഹിച്ചാൽ നമുക്ക് ഒരു സവിശേഷതയുമില്ലെന്ന് ഈശോ പറഞ്ഞിട്ടുണ്ട്. നമ്മെ ദ്രോഹിക്കുന്നവരെപ്പോലും സ്നേഹിക്കുവാനുള്ള ഉദാരത നമുക്കുണ്ടാകണമെന്നർത്ഥം.



സമൂഹത്തിന്റെ എല്ലാ അന്തർധാരകളിലും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ മേഖലകളിലും ക്രൈസ്തവ സ്നേഹമായിരിക്കണം നമ്മുടെ ജീവിതത്തിന്റെ ചാലകശക്തി. ഈ രംഗങ്ങളിലെല്ലാം സുതാര്യതയോടും നീതിബോധത്തോടും കാരുണ്യത്തോടുംകൂടെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കണം. അനീതിയും അഴിമതിയും ഇല്ലാത്ത സമൂഹമാണ് ക്രൈസ്തവർ സൃഷ്ടിക്കേണ്ടത്.

ക്ലേശിതർക്കും ദുഃഖിതർക്കും ദരിദ്രർക്കും പീഡിതർക്കും രോഗികൾക്കും ആകുലർക്കും ആശ്രയവും അഭയവുമാകാൻ നമുക്കു കഴിയണം. ദൈവത്തിന്റെ മുഖം കാരുണ്യമാണെന്നു ഫ്രാൻസീസ് പാപ്പായിലൂടെ സഭ ഇന്നു പറയുന്നു. നമ്മുടെ മുഖവും കാരുണ്യത്തിന്റേതാകണം. കാരുണ്യം വഴിഞ്ഞൊഴുകുന്ന വാക്കുകളും പ്രവൃത്തികളും നമ്മുടെ അനുദിനജീവിതശൈലിയാകണം.

സ്നേഹത്തിലും കാരുണ്യത്തിലും അടിയുറച്ച പ്രവർത്തനശൈലി, ശരിയായ വിശ്വാസത്തിന്റെ പ്രകാശനമാണ്. 'സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസ'മാണല്ലോ വി. പൗലോസ് ശ്ലീഹാ നമ്മിൽ നിന്നാവശ്യപ്പെടുന്നത് (ഗലാ. 5:6). അപ്രകാരം നമ്മുടെ വിശ്വാസത്തെ നമുക്കു സ്നേഹത്തിലൂടെ പ്രവർത്തനനിരതവും ഫലപ്രദവുമാക്കാം.

മാർത്തോമ്മാദിനത്തിൽ നമ്മുടെ സഭാംഗങ്ങളായ പ്രവാസികളെ ഓർമിക്കാതിരിക്കുവാൻ നിർവാഹമില്ല. സഭയുടെ സ്വയംഭരണാവകാശമുള്ള പ്രദേശങ്ങളിൽ വസിക്കുന്ന സഭാമക്കളെപ്പോലെ തന്നെയാണ് അവരും. പ്രവാസിപ്രദേശങ്ങളിൽ നമ്മുടെ സഭയുടേതായ അജപാലനസംവിധാനങ്ങൾ ഇനിയും നമുക്കു പൂർണമായി ലഭിച്ചിട്ടില്ല. അവ ഇനിയും ലഭിക്കാത്തിടത്തു ആ ലക്ഷ്യം സാധിക്കുന്നതിനായി സഭാമക്കളെല്ലാവരും പ്രാർത്ഥിക്കണമെന്നു ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസ പരിശീലനത്തെക്കുറിച്ചു നാം ദത്തശ്രദ്ധരായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആധുനികലോകസാഹചര്യങ്ങളോടു ശരിയായി പ്രതികരിക്കുന്നതിനുപകരിക്കുന്ന ധാർമികവീക്ഷണം നാം അവരിൽ ഉളവാക്കണം. സത്യനിഷ്ഠ, നീതിബോധം, ശരിയായ ലൈംഗികജീവിതവീക്ഷണം, രാജ്യസ്നേഹം, കാരുണ്യം എന്നീ സദ്ഗുണങ്ങളിൽ അവരുടെ ജീവിതത്തെ പടുത്തുയർത്തുവാൻ വേണ്ട സാഹചര്യങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടായിരിക്കണം. മടിച്ചു മാറിനില്ക്കാതെ ഉത്സാഹത്തോടെ കർമനിരതരാകാൻ യുവജനങ്ങൾക്കു കഴിയണം. സഭയിലും സമൂഹത്തിലും ഉത്തരവാദിത്വമുള്ള ശുശ്രൂഷകളും ഉദ്യോഗങ്ങളും ഏറ്റെടുക്കുവാനുള്ള യോഗ്യതയും ധൈര്യവും വിവേകവും അവർക്കുണ്ടാകണം. ഇപ്പോൾ പ്രവർത്തനനിരതരായിരിക്കുന്ന സഭാശുശ്രൂഷകർ തങ്ങൾക്കു പിന്നാലെ സഭയുടെയും സമൂഹത്തിന്റെയും എല്ലാ രംഗങ്ങളിലും പ്രവർത്തനനിരതരാകാൻ യോഗ്യരായവരെ പരിശീലിപ്പിക്കുവാൻ തയ്യാറാകണം.

വി. തോമാശ്ലീഹാ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തെക്കുറിച്ചു സംശയിച്ചുവെന്ന് വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നാം വായിക്കുന്നു. ആ സംശയം നമുക്കു രക്ഷാകരമായി തീർന്നു എന്നതാണ് വാസ്തവം. ആദത്തിന്റെ പാപത്തെ 'ഭാഗ്യപ്പെട്ട പാപം' എന്നു വി. ആഗസ്തീനോസ് വിശേഷിപ്പിച്ചുവല്ലോ. ആ പാപം രക്ഷകനെ നമുക്കു നേടിത്തരുവാൻ കാരണമായി എന്നതിനാലാണ് അപ്രകാരം വിശേഷിപ്പിക്കുവാൻ ആഗസ്തീനോസ് പ്രേരിതനാകുന്നത്. അതുപോലെ തോമാശ്ലീഹായുടെ സംശയത്തെ ഭാഗ്യപ്പെട്ട സംശയമേ എന്നു വിളിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉത്ഥിതനായ മിശിഹായെ നേരിൽ കാണാൻ, അവിടുന്നിലുള്ള വിശ്വാസം എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന ഉദീരണത്തോടെ ഉറപ്പായി പ്രഖ്യാപിക്കാൻ ആ സംശയം തോമാശ്ലീഹായ്ക്കു നിമിത്തമായി. മാർത്തോമ്മാശ്ലീഹായെ, നന്ദി! ഇന്നിതാ അങ്ങയുടെ



ഉദീരണം ഞങ്ങളുടേതായിരിക്കുന്നു. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ എന്ന് പ്രാർത്ഥനകളിൽ ഇന്നു ഞങ്ങൾ മിശിഹായെ വിളിക്കുന്നു. വി. പത്രോസിന്റെ വിശ്വാസം സാർവത്രിക സഭയുടെ അടിത്തറയായെങ്കിൽ വി. തോമാശ്ലീഹായുടെ വിശ്വാസം മാർത്തോമ്മാ മക്കളുടെ സഭയ്ക്കു സാർവത്രികസഭയുടെ കൂട്ടായ്മയിൽ സവിശേഷമായ അടിസ്ഥാനം നല്കിയിരിക്കുന്നു. ഈ സവിശേഷദാനത്തിന് ദൈവമേ, നന്ദി!

കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

+കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം ആണ്ട് മെയ് മാസം 30-ാം തീയതി നല്കപ്പെട്ടത്.

NB: ഈ ഇടയലേഖനം 2016 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



C. 18. **സർക്കുലർ**

# യുവജനദിനം 2016

**ജൂലൈ 10, ഞായർ**

**കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

**''കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും''**
**(മത്തായി 5:7)**

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങൾക്കായി പോളണ്ടിലെ ക്രാക്കോവ് നഗരം ഒരുങ്ങുകയാണ്. ലോകത്താകമാനമുള്ള യുവജനങ്ങൾ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും സഭയോടുള്ള സഹവർത്തിത്വം ഊട്ടിഉറപ്പിക്കുന്നതിനും സമൂഹത്തോടുള്ള തങ്ങളുടെ ക്രൈസ്തവമായ പ്രതിജ്ഞാബദ്ധത നവീകരിക്കുന്നതിനുമായി ഒന്നുചേരുന്ന ദിനങ്ങളാണ് ജൂലൈ മാസം 25 മുതൽ 31 വരെയുള്ള യുവജനദിനാഘോഷവേള. കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ കൂടിവരവുകളെല്ലാം കരുണയുടെ യുവജനസാക്ഷികളാകാനുള്ള ഓർമ്മപ്പെടുത്തലുകളാണ്.

**പിതാവിനെപ്പോലെ കരുണാപൂർണർ** ***(Merciful like the father)***

കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആത്പവാക്യം വിശുദ്ധ ലൂക്കായുടെ സുവിശേഷം ആറാം അധ്യായം മുപ്പത്തിയൊന്നാം തിരുവചനത്തെ കേന്ദ്രീകരിച്ചുള്ളതാണ്: ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ.'' വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്, 'കരുണയുടെ സുവിശേഷം' എന്നാണ്. മാപ്പുനല്കലിന്റെ സുവിശേഷം, ദരിദ്രരുടെ സുവിശേഷം, സ്ത്രീകളുടെ സുവിശേഷം, വിജാതീയരുടെ സുവിശേഷം എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ കരുണയുടെ സുവിശേഷം എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനുണ്ട്.



കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ യുവജനങ്ങൾ സവിശേഷശ്രദ്ധയോടെ വായിക്കുകയും പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ട ഒന്നാണ് കരുണയുടെ സുവിശേഷം. സമൂഹത്തിന്റെ സമഗ്രവിമോചനത്തിനായി എന്നും മുന്നിട്ടിറങ്ങി ശബ്ദമില്ലാത്തവരുടെ ശബ്ദമായി സമൂഹത്തിലെ വേറിട്ട ശബ്ദമായി നിലനില്ക്കേണ്ട യുവജനങ്ങളുടെ മാതൃകയും പ്രതീക്ഷയുമായ യുവാവായ യേശുനാഥന്റെ നയപ്രഖ്യാപനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.''

**കരുണയുടെ യുവജനസാക്ഷികൾ**

ബേത്‌ലേഹമിൽ നിന്നും കാൽവരിയോളം സഞ്ചരിച്ച മനുഷ്യനായി പിറന്ന യേശുനാഥൻ തന്റെ മുഖം കരുണയുടേതാണെന്ന് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തോട് വിളിച്ചുപറഞ്ഞു. വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും തളർന്നവന് ആശ്വാസമായും മനമിടിഞ്ഞവർക്ക് പ്രതീക്ഷയായും മരിച്ചവന് ഉത്ഥാനമായും ലോകം അവനെ പ്രതീക്ഷയോടെ തിരിച്ചറിഞ്ഞു.

തന്റെ വാക്കിലും പ്രവൃത്തിയിലും കാരുണ്യം കവിഞ്ഞൊഴുക്കി, ആശ്വാസദായകനായി കടന്നുവന്ന യേശുനാഥൻ എക്കാലത്തും യുവജനങ്ങളുടെ മാതൃകയാണ്. നൂറ്റാണ്ടുകൾക്കിപ്പുറം വിവിധ സേവനമേഖലകളിൽ തങ്ങളുടെ ജീവിതം യേശുവിനുവേണ്ടി പൂർണമായും സമർപ്പിച്ച് മനുഷ്യർക്കായി പൂർണമായി പങ്കുവയ്ക്കുന്ന കരുണയുടെ മാലാഖമാരിലൂടെ ഇന്നും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനെ ലോകം തിരിച്ചറിയുന്നു. ലോകത്തിന്റെ വിവിധ മിഷൻ മേഖലകളിൽ വേല ചെയ്യുന്ന

സന്യസ്തരിലും പുരോഹിതരിലും അല്മായ സഹോദരങ്ങളിലും ഭൂരിഭാഗവും യുവനജങ്ങളാണ്. യുദ്ധഭൂമിയിലും സദാ ജാഗരൂകരായി തങ്ങളുടെ മാതൃരാജ്യത്തിനു കാവൽനില്ക്കുന്ന അതിർത്തി മേഖലകളിലും കരുണയുടെയും നീതിയുടെയും കാവൽ ഭടന്മാരാകുന്നത് സ്വജീവിതം അനേകർക്കായി ത്യാഗമായി നല്കുന്ന യുവജനങ്ങളാണ്.

**കരുണയുള്ളവർ ഭാഗ്യവാന്മാർ**

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിലെ സവിശേഷഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗങ്ങളിലെ ഏഴാം വാക്യമാണ്. ''കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും'' (മത്തായി 5:7). കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യവും ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യവും ഏറെ സമാനതകളുള്ളതാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥന്റെ കരുണയുടെ യുവജനസാക്ഷികളാകാനുള്ള വിളി ഈ കാലഘട്ടത്തിന്റെ പ്രത്യേക നിയോഗമായി ഏറ്റെടുത്തുകൊണ്ട് ഭീകരതയും പട്ടിണിയും അക്രമവും അസമത്വവും അഴിമതിയും മനുഷ്യനിർമ്മിതമായ പ്രകൃതി ദുരന്തങ്ങളും കൊടികുത്തി വാഴുന്ന ആധുനികലോകത്തിൽ കരുണയുടെ കാവൽക്കാരായി യേശുവിന് സാക്ഷ്യം വഹിക്കണമെന്ന് ഈ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

**കാരുണ്യവർഷവും കേരളത്തിലെ യുവജനങ്ങളും**

കേരളത്തിലെ മുപ്പത്തിയൊന്ന് രൂപതകളിലെയും യുവജനങ്ങളുടെ പഠനത്തിനും വിചിന്തനത്തിനും കർമ്മപദ്ധതികൾക്കുമായി കെസിബിസി യുവജനകമ്മീഷൻ ഈ വർഷം മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയം, ആഗോള കത്തോലിക്കാസഭയുടെ കാരുണ്യവർഷചിന്തകളോടും ഫ്രാൻസിസ് മാർപാപ്പായുടെ ലോകയുവജനദിനസന്ദേശത്തോടും താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ളതാണ്. കേരളത്തിലെ എല്ലാ യുവജനസംഘടനകളും കെസിബിസി യുവജനകമ്മീഷൻ



മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയമായ '**കരുണയുടെ യുവജനസാക്ഷികൾ: പരിസ്ഥിതി സൗഹൃദം – ലഹരി വിരുദ്ധസമൂഹം – ജീവന്റെ സംരക്ഷണം**' എന്ന പഠനവിഷയം അത് അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ഈ വർഷത്തെ പ്രധാന പഠനവിഷയമായകരുണയുടെ യുവജനസാക്ഷികൾഎന്ന തലവാചകത്തിന്റെ ഉപവിഭാഗങ്ങളാണ് 'പരിസ്ഥിതി സൗഹൃദം', 'ലഹരിരഹിതസമൂഹം', 'ജീവന്റെ സംരക്ഷണം' എന്നിവ. മനുഷ്യനും പരിസ്ഥിതിയും നേരിടുന്ന ആധുനിക വെല്ലുവിളികൾ ഏറെ കരുണയോടും ശ്രദ്ധയോടും സമീപിക്കേണ്ട വിഷയങ്ങളാണെന്നും അവയെ പരിചരിക്കുന്നതിൽ കരുണയുടെ യുവജനസാക്ഷികളാകുവാനുള്ള പ്രത്യേക വിളിയാണ് ഓരോ യുവാവിനും യുവതിക്കും ഉള്ളതെന്നും ഈ പഠനവിഷയം നമ്മെ അനുസ്മരിപ്പിക്കുന്നു.

തീരദേശ മക്കളുടെ നിലയ്ക്കാത്ത കണ്ണീരും നാളയെക്കുറിച്ചുള്ള ആകുലതയും മലനാടിന്റെ പച്ചയായ മനുഷ്യരുടെ നിസ്സഹായ അവസ്ഥകളും ദളിത് വിഭാഗങ്ങളുടെ സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഹരിതാഭ നഷ്ടപ്പെടുന്ന ഭൂമിയുടെ ഉൾക്കിടിലങ്ങളും അന്യം നിന്നുപോകുന്ന ജീവജാലങ്ങളുടെ ജീവൻ മരണപോരാട്ടവും ഓരോ യുവാവിന്റെയും യുവതിയുടെയും ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രതിധ്വനികളാവണം. കരുണയുടെ ഈ വർഷത്തിൽ ആഘോഷിക്കപ്പെടുന്ന യുവജനദിന കർമ്മപരിപാടികളും ഈ വർഷത്തെ എല്ലാ യുവജനശുശ്രൂഷാമേഖലകളും മനുഷ്യനെയും പ്രകൃതിയെയും എല്ലാ ജീവജാലങ്ങളെയും നൊമ്പരപ്പെടുത്തുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാവണം.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ കെസിവൈഎം മുപ്പത്തിയൊന്നു രൂപതകളിലെയും യുവജനങ്ങളിലേക്കും സഭാസമൂഹങ്ങളിലേക്കും കെസിബിസി യുവജനകമ്മീഷൻ ആവശ്യപ്പെട്ട ഈ പഠനവിഷയം എത്തിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. കേരളത്തിലെ യുവജനശുശ്രൂ

ഷക്ക് സംസ്ഥാനതലത്തിലും വ്യക്തിഗതസഭാതലത്തിലും എല്ലാ രൂപതകളിലും യുവജനശുശ്രൂഷക്ക് നേതൃത്വം നല്കുന്ന ഡയറ്കടർ അച്ചന്മാരെയും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സന്യാസിനികളെയും അല്മായ സഹോദരങ്ങളെയും എല്ലാ യുവജനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുസഭയുടെ നന്മകളും വിശ്വാസവും സഭയിലും സമൂഹത്തിലും പകർന്നു നല്കുന്നതിന് അവർ നല്കുന്ന സേവനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഉപസംഹാരം**

കരുണയുള്ള ഭാഗ്യവാന്മാരായി പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനു സാക്ഷ്യം നല്കുവാൻ സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലോകയുവജനദിനത്തിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും നേർന്നുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

N.B. 2016 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025



**C. 19.** **സർക്കുലർ**

# സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച്

## കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ വിലയിരുത്തലും മുന്നറിയിപ്പും

കേരള കത്തോലിക്കാസഭയിൽ ആത്മീയ നവീകരണരംഗത്ത് കഴിഞ്ഞ 25 വർഷമായി പ്രവർത്തിച്ചു പോരുന്ന ഒരു പ്രസ്ഥാനമാണ് സ്പിരിറ്റ് ഇൻ ജീസസ്. ഈ പ്രസ്ഥാനം ശ്രീ ടോം സഖറിയായുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ സൂര്യനെല്ലിയിൽ ആരംഭിച്ച് ക്രമേണ മറ്റു രൂപതകളിലേക്കും സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. കത്തോലിക്കർക്കു പുറമേ ഇതരസഭാംഗങ്ങളും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്. ഇപ്പോൾ ഒരു സഭയുടെയും പ്രത്യേക നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതും അല്മായർ നേതൃത്വം കൊടുക്കുന്നതുമാണ് ഈ പ്രസ്ഥാനം. ഇവർ പരിശുദ്ധ കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസവിഷയങ്ങളിൽ വി. ഗ്രന്ഥത്തിനും, സഭാപ്രബോധനങ്ങൾക്കും പാരമ്പര്യങ്ങൾക്കും നിരക്കാത്ത ചില പ്രബോധനങ്ങൾ വച്ചുപുലർത്തുന്നുണ്ട്. പ്രസംഗങ്ങളിലൂടെയും പ്രസ്ഥാനത്തിന്റെ ജിഹ്വയായ ''ഇതാ നിന്റെ അമ്മ'' എന്ന മാസികയിലൂടെയും അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ്. സ്വകാര്യവെളിപാടുകൾക്കാണ് സഭയുടെ ഔദ്യോഗികപ്രബോധനങ്ങളെക്കാൾ കൂടുതൽ പ്രധാന്യം നല്കുന്നത്.

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ അബദ്ധജടിലമായ ചില ഉപദേശങ്ങൾവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നത് കേരളമെത്രാൻ സമിതി അതീവഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. പലരും വിശ്വാസവൈപരീത്യങ്ങളിൽ ചെന്നു പതിക്കാനിടയുള്ളതുകൊണ്ട്

വിശ്വാസികൾക്ക് മുന്നറിയിപ്പു നല്കേണ്ടത് ഇടയന്മാർ എന്ന നിലയിൽ ഞങ്ങളുടെ കടമയാണ്. മരണാനന്തരജീവിതം, ഇതര മതങ്ങളോടും സാംസ്കാരികാനുരൂപണങ്ങളോടുമുള്ള സമീപനം, വേദപുസ്തക വ്യാഖ്യാനം എന്നിവ സംബന്ധിച്ചാണ് കൂടുതൽ അബദ്ധോപദേശങ്ങളും. അതിനാൽ ഇത്തരം വിഷയങ്ങളിൽ സഭയുടെ നിലപാടു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**1. തനതുവിധി**

തനതുവിധിയില്ല, പൊതുവിധി മാത്രമേയുള്ളൂവെന്നാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്. അതിനാൽ നരകത്തിൽ പോയവർക്കും നിത്യവിധിയുടെ സന്ദർഭം വരെ മാനസാന്തരത്തിന് സമയമുണ്ടെന്ന് അവർ പ്രബോധിപ്പിക്കുന്നു. എന്നാൽ കത്തോലിക്കാസഭയുടെ പ്രബോധനം ഇതാണ്: ''ക്രിസ്തുവിൽ വെളിവാക്കപ്പെട്ട കൃപാവരത്തെ സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ സാദ്ധ്യമായ സമയം എന്ന നിലയിലുള്ള മനുഷ്യജീവിതത്തിന് മരണം അന്ത്യം കുറിക്കുന്നു'' (CCC 1021).

ഒരാൾ മരിച്ചാൽ ഉടൻതന്നെ സ്വർഗ്ഗത്തിനോ, നരകത്തിനോ, ശുദ്ധീകരണ സ്ഥലത്തിനോ അർഹനായിത്തീരുമെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത്. ''ഓരോ മനുഷ്യനും തന്റെ മരണത്തിന്റെ നിമിഷത്തിൽതന്നെ സ്വജീവിതത്തെ ക്രിസ്തുവിനോടു ബന്ധപ്പെടുത്തി തന്റെ അമർത്യമായ ആത്മാവിൽ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു: ഒരു ശുദ്ധീകരണപ്രക്രിയയിലൂടെയോ നേരിട്ടോ സൗഭാഗ്യത്തിലേക്കുള്ള പ്രവേശനം, അല്ലെങ്കിൽ നേരിട്ടുള്ളതും ശാശ്വതവുമായ ശിക്ഷയിലേക്കുള്ള പ്രവേശനം'' (CCC 1022).

**2. നരകം നിത്യമല്ല?**

പൊതുവിധിവരെ നരകം നിത്യമല്ല; മാനസാന്തരത്തിനും ദൈവകൃപയിലേക്ക് തിരികെ വരുന്നതിനും അവസരമുണ്ട് എന്നിങ്ങനെ സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നുണ്ട്.

കത്തോലിക്കാസഭയുടെ പ്രബോധനം വളരെ വ്യക്തമാണ്: ''മനസ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം സ്വീകരിക്കാതെ മാരകപാപത്തിൽ മരിക്കുക എന്നതിന്റെ അർത്ഥം, നമ്മുടെ സ്വതന്ത്രമായ തീരുമാനപ്രകാരം എന്നേക്കുമായി ദൈവത്തിൽനിന്ന് വേർപെട്ടുനില്ക്കുക എന്നതാണ്. ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടും ഉള്ള സംസർഗത്തിൽ നിന്ന് സുനിശ്ചിതമായി നമ്മെ വേർപെടുത്തി നിറുത്തുന്ന അവസ്ഥയെനരകം എന്നു വിളിക്കുന്നു'' (CCC 1033).

നരകത്തെ പല സംജ്ഞകൾകൊണ്ടാണ് വി. ഗ്രന്ഥം വിവക്ഷിക്കുക. ''നിത്യാഗ്നി'' (മത്താ 25:41), ''നിത്യശിക്ഷ'' (മത്താ 25:46), ''ലജ്ജയും നിത്യനിന്ദയും'' (ദാനി 12:2), ''അഗ്നിജ്ജ്വാലയും യാതനയും'' (ലൂക്കാ 16:23-24), ''നിത്യനാശം'' (2 തെസ്സ 1:9), ''ഒരിക്കലും അവസാനിക്കാത്ത പീഡനം'' (വെളി 14:11), ''എരിഞ്ഞുകൊണ്ടിരിക്കുന്ന ഗന്ധകത്തടാകം'' (വെളി 20:10) എന്നിവയെല്ലാം നിത്യനരകത്തിന്റെ പ്രതീകങ്ങളാണ്. ബുദ്ധിഹീനകളായ കന്യകകൾക്കും (മത്താ 25:11-13) നിരുത്തരവാദിത്വപരമായി പെരുമാറിയ ഭൃത്യനും (മത്താ 24:51) വിവാഹവസ്ത്രം ധരിക്കാതെ വിരുന്നുശാലയിൽ പ്രവേശിച്ചവനും (മത്താ 22:13) വേറൊരവസരം കിട്ടിയില്ല എന്നോർക്കേണ്ടതുണ്ട്.

ലാസറിന്റെയും ധനവാന്റെയും ഉപമയിൽ, ധനവാന്റെ യാചനയ്ക്ക് അബ്രഹാം നല്കുന്ന ഉത്തരവും പ്രസക്തമാണ്: ''ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരഗാധമായ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്ന് ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല'' (ലൂക്ക 16:26).

**3. നരകവും പാതാളവും തമ്മിലുള്ള അന്തരം**

സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ നരകത്തെയും പാതാളത്തെയും സമമായി കാണുന്നതുകൊണ്ടാണ് ''യേശു മരിച്ച് പാതാളത്തിലിറങ്ങി'' എന്ന പ്രയോഗത്തെ അടിസ്ഥാനമാക്കി യേശു നരകം സന്ദർശിച്ചു എന്നു വാദിക്കുന്നത്. ആദ്യ നൂറ്റാണ്ടുകളിൽ ചെറുതും വലുതുമായ പല വിശ്വാസപ്രമാണങ്ങളും രൂപപ്പെട്ടു. ''അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം'',അല്ലെങ്കിൽ ''ജ്ഞാനസ്നാന വിശ്വാസപ്രമാണം'' (Baptismal Creed) എന്നറിയപ്പെടുന്ന വിശ്വാസ

പ്രമാണത്തിലാണ് ഈ പ്രയോഗം കാണുന്നത്. എന്നാൽ, നിഖ്യാവിശ്വാസപ്രമാണത്തിൽ ഈ പ്രയോഗം കാണുന്നില്ലായെന്നുള്ളതും സ്മർത്തവ്യമാണ്.

ഹീബ്രുഭാഷയിൽ 'ഷെയോൾ' എന്നും ഗ്രീക്ക് ഭാഷയിൽ 'ഹാദെസ്' എന്നുമുള്ള സംജ്ഞകളാണ് പാതാളത്തെ വിവക്ഷിക്കുവാൻ ഉപയോഗിക്കുന്നത്. ഭൂമിക്കടിയിലുള്ള അന്ധകാരാവൃതവും ശൂന്യവുമായ ഒരു സ്ഥലമായി പാതാളത്തെ ഇസ്രായേൽ ചരിത്രത്തിന്റെ പ്രാരംഭദശയിൽ കരുതിയിരുന്നു (ജോബ് 10:21-22). എന്നാൽ, പില്ക്കാലത്ത് ഗ്രീക്കുചിന്താധാരകളുമായുള്ള പാരസ്പര്യം വഴി, നന്മ ചെയ്തവർക്കും തിന്മ പ്രവർത്തിച്ചവർക്കും ഒരേ ഫലമാണ് ലഭിക്കുന്നതെങ്കിൽ, അതു ദൈവനീതിക്ക് നിരക്കാത്തതാണെന്ന നവീനചിന്ത ഉദ്ഭവിച്ചു. ബി.സി രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ''ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും; ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും. ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭ പോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും'' (ദാനി 12:2-3). മരിച്ച നീതിമാന്മാരുടെ സ്ഥിതി ജീവനോ സന്തോഷമോ ദൈവസ്തുതിപ്പോ ഇല്ലാത്ത ഇരുട്ടറയിൽ (സങ്കീ 88:5-12) അല്ല, പ്രത്യുത ഭൂമിയിൽ നന്മ പ്രവർത്തിച്ചവർ ''അബ്രഹാമിന്റെ മടിത്തട്ടിൽ വിശ്രമിക്കുന്നു'' എന്ന ആശയത്തിലേക്ക് പുതിയനിയമകാലത്ത് വളർച്ച ഉണ്ടായി (ലൂക്കാ 16:22-23). നിത്യനരകത്തെ സൂചിപ്പിക്കുവാൻ 'ഗേഹന്നാ' എന്ന പദമാണ് ഉപയോഗിച്ചിരുന്നത് (സീയോന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള അഗാധമായ ഒരു താഴ്‌വരയാണ് 'ഗഹിന്നോം'). യേശു പാതാളത്തിൽ ഇറങ്ങി എന്ന പ്രയോഗം കൊണ്ട് നാം അർത്ഥമാക്കേണ്ടത് യേശു യഥാർത്ഥത്തിൽ മരിച്ചുവെന്നാണ്, അല്ലാതെ യേശു നരകം സന്ദർശിച്ചുവെന്നല്ല.

**4. നരകത്തിൽ സുവിശേഷഘോഷണമോ?**

1 പത്രോ 3:18-20-നെ അധികരിച്ചാണ് യേശുമരണശേഷം ആത്മാവിൽ പാതാളത്തിലേക്കിറങ്ങിയെന്നും മരിച്ചവരോട് സുവി



ശേഷം അറിയിച്ച് ബന്ധിതരായിരുന്ന ആത്മാക്കളെ മോചിപ്പിച്ചെന്നും അതിനാൽ മരണശേഷവും മാനസാന്തരത്തിന് സാധ്യതയുണ്ടെന്നും സ്പിരിറ്റ് ഇൻ ജീസസ് വാദിക്കുന്നത്. ''ആത്മാവോടുകൂടെ ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു.'' വീണ്ടും 1 പത്രോ 4:6 -ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''എന്തെന്നാൽ, ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടിയാണ് മരിച്ചവരോടുപോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്.'' ഈ വാക്യങ്ങൾ വേദവ്യാഖ്യാതാക്കൾക്കിടയിൽ വലിയ സംവാദങ്ങൾക്കു വഴി തെളിച്ചിട്ടുണ്ട്. സമീപകാലത്ത് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ വാക്യങ്ങൾ സംബന്ധിച്ചു നല്കിയ വിശദീകരണം താഴെ കൊടുക്കുന്നു:

(i) ''യേശു പാതാളത്തിലിറങ്ങി'' എന്ന പ്രഖ്യാപനത്തിൽ അവൻ യഥാർത്ഥത്തിൽ മരിച്ചു എന്ന വിശ്വാസസത്യമാണ് പ്രഖ്യാപനം ചെയ്യുന്നത്. യേശു മരിച്ച് അടക്കപ്പെട്ടു എന്നത് യേശുവിന്റെ പൂർണ്ണ മനുഷ്യസ്വഭാവത്തെ വിശദമാക്കുന്നു; (ii) യേശുവിന്റെ കുരിശിലെ ബലിയിലൂടെ ലഭിച്ച വരപ്രസാദം യേശുവിന്റെ മരണത്തിനു മുമ്പ് മരണമടഞ്ഞ സകല നീതിമാന്മാർക്കും നീതിമതികൾക്കും ലഭിച്ചുവെന്നതിന്റെ പ്രതീകാത്മകമായ ആഖ്യാനമാണ് ഈ പ്രഖ്യാപനം; (iii) യേശു മരണശേഷം നിത്യശിക്ഷയുടെ സ്ഥലമായ നരകം സന്ദർശിക്കുകയോ, അവിടെ അകപ്പെട്ടുപോയ ആത്മാക്കളെ രക്ഷിക്കുകയോ ചെയ്തിട്ടില്ല (General Audience, 1989 Jan 11).

യേശു നരകം സന്ദർശിച്ചെന്നും നരകവാസികളെ രക്ഷിച്ചുവെന്നുമുള്ളത് കത്തോലിക്കാവിശ്വാസികൾക്ക് സ്വീകാര്യമല്ല. സഭാപാരമ്പര്യത്തിൽ യേശുവിന്റെ പാതാളത്തിലെ സുവിശേഷപ്രഘോഷണം ഉയർപ്പിന്റെ പ്രഖ്യാപനമായിട്ടാണ് മനസ്സിലാക്കിയിട്ടുള്ളത്. ആ പ്രഖ്യാപനം ആദാമും ഹവ്വായും മുതൽ നിദ്രയടഞ്ഞിട്ടുള്ള എല്ലാ നീതിമാന്മാരെയും അവരുടെ നിദ്രയിൽ നിന്നുണർത്തി, യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും യോഗ്യതകളിൽ അവരെ പങ്കു

കാരാക്കി. ഫിലി 2:9-11-ൽ നാം വായിക്കുന്നു: ''ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു. അത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുമടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്''.

പൗരസ്ത്യ സഭകളിൽ പ്രചാരത്തിലുള്ള യേശുവിന്റെ പാതാളസന്ദർശനം ചിത്രീകരിച്ചിരിക്കുന്ന ഐക്കണിന്റെ പേര് ''Harrowing of Hades'' (പാതാളത്തിന്റെ ഉഴുതുമറിക്കൽ) എന്നാണ്. ഇങ്ങനെ വി. ഗ്രന്ഥവും പാരമ്പര്യവും തറപ്പിച്ചു പറയുന്നുണ്ട്, യേശുവിന്റെ പാതാളസന്ദർശനം പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ദൈവികനീതിയുടെ ആത്യന്തിക വിജയവും നീതിമാൻമാർക്ക് ഉയിർപ്പും നിത്യജീവനും ഉറപ്പാക്കിയ സംഭവവുമാണെന്ന്. ഇതാണ് പാതാളത്തിലെ സുവിശേഷഘോഷണം എന്ന പ്രയോഗത്തിന്റെ പൊരുൾ.

**5. പൂർവ്വപിതാക്കളുടെ പാപഫലം പിൻതലമുറയിലേക്ക്**

നിത്യരക്ഷ കിട്ടാതെ യാതനയനുഭവിക്കുന്ന പൂർവ്വപിതാക്കളുടെ പാപഫലം അനന്തരതലമുറകളിലേക്ക് ശാപമായി ഒഴുകിയെത്തുന്നെന്നും അതിനാൽ അവർക്ക് ശാപമോക്ഷം ലഭിക്കാതെ ചില കുടുംബങ്ങളിലെ കഷ്ടനഷ്ടങ്ങളും മാറാരോഗങ്ങളും വിട്ടുമാറുകയില്ലെന്നും സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നു. പഴയനിയമത്തിലെ ചില മര്യാദകൾ തെറ്റായി വ്യഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഈ കാഴ്ചപ്പാട് എസക്കിയേൽ ദീർഘദർശിതന്നെ തിരുത്തിയിട്ടുണ്ട്: ''പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു; മക്കളുടെ പല്ലു പുളിച്ചു എന്ന് ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്?'' (എസെ 18:1-2). ദൈവത്തിന്റെ തിരുത്തൽ ഇപ്രകാരമായിരുന്നു: ''പുത്രൻ പിതാവിന്റെ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു



വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ നീതിമാന്റെ പ്രതിഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും'' (എസെ 1:20). വീണ്ടും, ''ഇസ്രായേൽ ഭവനമേ, ഓരോരുത്തരെയും താന്താങ്ങളുടെ പ്രവൃത്തിക്കുനുസൃതമായി ഞാൻ വിധിക്കും'' (എസ 1:30) എന്നും പറഞ്ഞിരിക്കുന്നു.

പുതിയനിയമത്തിലും ഇതേ സത്യമാണ് യേശു പ്രഖ്യാപിച്ചത്: ''മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്ത് വരാനിരിക്കുന്നു. അപ്പോൾ അവൻ ഒരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകും''(മത്താ 16:27; റോമാ 2:6). വെളിപാടുപുസ്തകം ഒരു വാഗ്ദാനത്തിലാണ് സമാപിക്കുന്നത്: ''ഇതാ ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തപ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത്''(വെളി 22:12).

യേശുക്രിസ്തു പാപത്തിൽ നിന്നും (2 കോറി 5:21) ശാപത്തിൽ നിന്നും (ഗലാ 3,13) നമ്മെ മോചിപ്പിച്ചിരിക്കുന്നതിനാൽ പൂർവികരുടെ പാപവും ശാപവും നമുക്കു പ്രസക്തമല്ല. പൂർവപിതാക്കളുടെ പാപം പിൻതലമുറകളിലേക്കു പടരുന്നെന്നും ശാപമായി തുടരുന്നെന്നും പഠിപ്പിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരകർമത്തെ തള്ളിപ്പറയുന്നതിനു തുല്യമാണ്. അതിനാൽ, യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടവരെ പൂർവ്വപിതാക്കന്മാരുടെ ചെയ്തികൾ ബാധിക്കില്ല.

**6. സാംസ്കാരികാനുരൂപണവും ഇതരമത ദൈവശാസ്ത്രവും**

സാംസ്കാരികാനുരൂപണം വഴി ദൈവരാജ്യം തകർക്കപ്പെടുമെന്നും അതിലൂടെ പൈശാചിക സ്വാധീനം വിശ്വാസികളിലേക്ക് കടന്നുവരുമെന്നുമാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ നിത്യമായ വചനം മാംസം ധരിച്ച് മനുഷ്യനായി പിറന്നു എന്നതും പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകളേറ്റു മരിച്ചു എന്നതും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു എന്നതുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. വീണ്ടെടു

ക്കപ്പെട്ട സകല ജനപദങ്ങളെയും (ലൂക്കാ 1:68) തന്റെ മഹത്ത്വത്തിലേക്ക് ചേർക്കുന്നതിന് അവിടുന്ന് വീണ്ടും വരും (യോഹ 14:3). എല്ലാ ജനപദങ്ങളും യേശുക്രിസ്തുവിലൂടെയുള്ള ദൈവികരക്ഷ പ്രാപിക്കണമെന്നതാണ് ദൈവേഷ്ടം (1 തിമോ 2:3-4). ഏതെങ്കിലും ഭാഷയോ സംസ്കാരമോ വംശമോ രക്ഷയിലേക്കുള്ള ഈ വിളിയിൽ നിന്ന് വിദൂരത്തല്ല. രക്ഷയുടെ സുവിശേഷം സ്വീകരിക്കുന്നതിന് ഏതെങ്കിലും പ്രത്യേകമായ ഒരു ദേശത്തിന്റെയോ ജനതയുടെയോ സംസ്കാരം സ്വീകരിക്കേണ്ടതുമില്ല. അതിനാൽ, സംസ്കാരികാനുരൂപണം വിശ്വാസപ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണ്.

യേശുവിലൂടെയും യേശു സ്ഥാപിച്ച സഭയിലൂടെയും കൈവരുന്ന രക്ഷയെക്കുറിച്ച് സഭ പഠിപ്പിക്കുമ്പോൾ തന്നെ ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും ആദരപൂർവമാണ് സഭ വീക്ഷിക്കുന്നത്. അക്രൈസ്തവ മതങ്ങളോടുള്ള കത്തോലിക്കാസഭയുടെ സമീപനത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച പ്രമാണരേഖയിൽ ഇത് വ്യക്തമാക്കുന്നു: ''ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനങ്ങളും. അവരുടെ ഉദ്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം, മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവമാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തികലക്ഷ്യവും ഒന്നു തന്നെ, ദൈവം. അവിടത്തെ പരിപാലനയും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം ദൈവമഹിമയാൽ പ്രദീപ്തമായ പരിശുദ്ധനഗരത്തിൽ സമ്മേളിക്കുന്നതുവരെ ഇതു തുടർന്നുകൊണ്ടേയിരിക്കും. അവിടെ സമസ്തജനതകളും ദൈവികപ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത്'' (NA 1). തിരുസഭയെന്ന രേഖയിൽ ഇത് കുറച്ചുകൂടി വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: ''സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോട് വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. ... സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടത്തെ പരിത്രാണ പദ്ധതിയിലുൾപ്പെടുന്നു... ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽ നിന്ന് അവിടുന്ന് വിദൂരത്തല്ല. കാരണം, എല്ലാവർക്കും ജീവനും പ്രചോദനവും എന്നു വേണ്ട സകലതും പ്രദാനം



ചെയ്തിരിക്കുന്നത് അവിടുന്നാണ് (അപ്പ: 17/25-28). സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം (1 തിമോ 2:4). സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടത്തെ സഭയെയും അറിയാതിരിക്കുകയും, അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മന:സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം'' (LG 16). ''ക്രിസ്തു മരിച്ചത് എല്ലാവർക്കും വേണ്ടിയാണ്... തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാദ്ധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായ രീതിയിൽ പവിത്രാത്മാവു നല്കുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു'' (GS 22).

ഇതരമത ദൈവശാസ്ത്രചിന്തകളുടെ നല്ലവശങ്ങളെ അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സഭ വച്ചുപുലർത്തുന്നത്. ''ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസ്സഭ തിരസ്കരിക്കുന്നില്ല. മറ്റ് മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്'' (NA.2). ''വചനമാകുന്ന ബീജത്തിലൂടെയും സുവിശേഷഘോഷണത്തിലൂടെയും എല്ലാ മനുഷ്യരെയും ക്രിസ്തുവിലേക്ക് വിളിക്കുകയും വിധേയത്വപൂർണ്ണമായ വിശ്വാസം അവരുടെ ഹൃദയങ്ങളിൽ ഉണർത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നാം മറക്കരുത്'' (AG.15). ''മനുഷ്യരുടെ ഹൃദയത്തിലും മനസ്സിലും എന്തെല്ലാം നന്മയുണ്ടോ, വിവിധ റീത്തുകളിലും ജനങ്ങളുടെ സംസ്കാരങ്ങളിലും എന്തെല്ലാം അഭിലഷണീയമായിട്ടുണ്ടോ, അതെല്ലാം അഭംഗുരം കാത്തുസൂക്ഷിക്കാൻ മാത്രമല്ല, അവ വളർത്തി

യെടുക്കാനും അവയെ ന്യൂനതയറ്റതും ഉന്നതവും പരിപൂർണ്ണവുമാക്കാനുമാണ് സഭ പരിശ്രമിക്കുന്നത്'' (LG.17).

ദൈവത്തെ അംഗീകരിക്കുകയും മതത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും അമൂല്യങ്ങളായ ഘടകങ്ങളെ തങ്ങളുടെ പാരമ്പര്യങ്ങളിൽ കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന എല്ലാവരുമായി തുറന്ന സംഭാഷണത്തിൽ ഏർപ്പെടാനും സഭ നമ്മെ ആഹ്വാനം ചെയ്യുന്നു (GS.92).

''ജനപദങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ ദൈവത്തിന്റെ രഹസ്യ സാന്നിദ്ധ്യമായി സഭ കാണുന്നു ( AG.9). അതോടൊപ്പം തങ്ങളുടെ ദേശീയവും മതപരവുമായ പാരമ്പര്യങ്ങളെ അടുത്തറിയാനും അവയിൽ മറഞ്ഞു കിടക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ സന്തോഷത്തോടും ആദരവോടും കൂടി ആരായാനും (AG.11) സഭ ആവശ്യപ്പെടുന്നുണ്ട്.

ഇതര മത ദൈവശാസ്ത്രങ്ങളോട് തുറന്ന സമീപനം സ്വീകരിച്ച സഭ ഇതിനെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായ രീതിയിൽ 1964-ൽ അക്രൈസ്തവ മതങ്ങൾക്കായി ഒരു കാര്യാലയം തന്നെ സ്ഥാപിച്ചുവെന്നതും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. ലോകമതങ്ങളുടെ പ്രഭവസ്ഥാനമായ ഏഷ്യയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഇതരമതങ്ങളുമായുള്ള ഭാവാത്മാകബന്ധത്തെ സഭ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത് (Ecclesia in Asia - 13). ഇതരമതങ്ങളോട് തുറവു പുലർത്തുകയും അവയുമായി സംവാദത്തിലേർപ്പെടുകയും ചെയ്യുന്നതുവഴി, ലോകരക്ഷകനായ ക്രിസ്തുവിനെയും ക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു നല്കപ്പെട്ടിരിക്കുന്ന രക്ഷയുടെ മാർഗത്തെയും പ്രഘോഷിക്കുന്നതിനു കടപ്പെട്ടവരാണ് നമ്മൾ.

**7. വേദപുസ്തക വ്യാഖ്യാനങ്ങൾ**

വേദപുസ്തകത്തെ അതിന്റെ സമഗ്രതയിൽ കാണാതെ വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന രീതി (പെന്തക്കോസ്ത് ശൈലി) സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രത്യേകതയാണ്.



സഭ വിശ്വാസത്തിന്റെ സ്രോതസ്സായി വേദപുസ്തകത്തെയും പാരമ്പര്യത്തെയും കാണുന്നു. പരിശുദ്ധാത്മ നിവേശനത്താൽ ദൈവവചനത്തെ ലിഖിതരൂപത്തിലാക്കിയതുപോലെ സത്യാത്മാവിന്റെ പ്രകാശത്താൽ ദൈവവചനം പ്രസംഗിച്ചുകൊണ്ട് അതിനെ വിശ്വസ്തതയോടെ പാലിക്കാനും വിശദീകരിക്കാനും, പ്രചരിപ്പിക്കാനും പിതാക്കന്മാർ നടത്തിയിട്ടുള്ള ശ്രമങ്ങളെ സഭ ആദരവോടെയാണ് കാണുന്നത് (DV 9). വേദപുസ്തകത്തെയും പാരമ്പര്യത്തെയും ആധികാരികമായി വ്യാഖ്യാനിക്കാനുള്ള ചുമതല സഭയുടെ പ്രബോധനാധികാരത്തിന് നൽകപ്പെട്ടിരിക്കുന്നു. അതിനാൽ ''വി. പാരമ്പര്യവും, വി. ലിഖിതങ്ങളും, സഭയുടെ പ്രബോധനാധികാരവും ദൈവത്തിന്റെ അതിവിശിഷ്ടമായ സംവിധാനത്തിൽ അപരിത്യാജ്യമായ വിധത്തിൽ പരസ്പരം ബന്ധിതങ്ങളാണ്. തന്മൂലം ഒന്ന് മറ്റൊന്നിൽ നിന്ന് വേർപ്പെട്ട് നിൽക്കുക സാദ്ധ്യമല്ല. പ്രത്യുത എല്ലാം ഒരുമിച്ച് എന്നാൽ ഓരോന്നും സ്വന്തം രീതിയിൽ ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആത്മരക്ഷ കൈവരുത്താൻ ഫലപ്രദമായി സഹായിക്കുന്നു'' (DV10).

ദൈവം മനുഷ്യർ വഴിയും മാനുഷികമായ രീതിയിലുമാണ് **സംസാ**രിച്ചിരിക്കുന്നത്. ഇത് വ്യത്യസ്തങ്ങളായ ചരിത്ര രചനകളിലൂടെയോ പ്രവചനരൂപത്തിലോ, കാവ്യരൂപത്തിലോ, മറ്റേതെങ്കിലും സാഹിത്യരൂപത്തിലോ ഉള്ള രചനകളിലൂടെയോ ആകാം (DV 12). അതിനാൽ വി. ഗ്രന്ഥകാരന്മാർ എഴുതിയ വചനങ്ങളിലൂടെ ദൈവം നമുക്ക് നൽകുന്ന സന്ദേശത്തെ തിരിച്ചറിയാൻ വേദപുസ്തകവ്യാഖ്യാതാക്കൾ ശ്രമിക്കണം. അതിന് സഹായകമായ വിധത്തിൽ വി. ഗ്രന്ഥകാരന്മാർ ''ജീവിച്ച കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും അവരുടെ കാലത്തെ സാഹിത്യരൂപത്തിന്റെയും പ്രത്യേകതകളും അക്കാലത്തെ ചിന്തയുടെയും ഭാഷണത്തിന്റെയും ആഖ്യാനത്തിന്റെയും രീതികളും നാം ശ്രദ്ധിക്കണം'' (CCC 110).

വേദപുസ്തകവാക്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വി. ഗ്രന്ഥത്തിന്റെ ആകെയുള്ള ഉള്ളടക്കവും പൊരുത്തവും കണക്കിലെടുക്കേണ്ടതുണ്ട്. ഇത് ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മിലുള്ള പൊരുത്തവും

പരിഗണിച്ചുകൊണ്ടാണ്. വി. ഗ്രന്ഥവ്യാഖ്യാതാക്കൾ ഈ തത്വങ്ങൾ പാലിച്ച് വി. ലിഖിതങ്ങളുടെ കൂടുതൽ അഗാധമായ അറിവിനും പ്രകാശനത്തിനും വേണ്ടി പരിശ്രമിക്കണം (DV 12, CCC 115-119).

**8. വിശ്വാസവൈപരീത്യങ്ങളും സഭയും**

വ്യക്തികൾക്ക് ലഭിക്കുന്ന ദർശനങ്ങളിലെ ദൈവാത്മാവിന്റെ പ്രചോദനം പഠിക്കുകയും ഉചിതമെങ്കിൽ പരിപോഷിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് സഭ എക്കാലവും അവലംബിച്ചിട്ടുള്ളത്. വ്യക്തികൾക്ക് ലഭിക്കുന്ന സ്വകാര്യ വെളിപാടുകളുടെ ലക്ഷ്യം ''ക്രിസ്തുവിലൂടെ അന്തിമമായി നല്കപ്പെട്ട വെളിപാടിനെ മെച്ചപ്പെടുത്തുകയോ, പൂർത്തീകരിക്കുകയോ അല്ല, പ്രത്യുത ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ ക്രിസ്തുവിന്റെ വെളിപാടിനനുസൃതമായി കൂടുതൽ പൂർണ്ണമായി ചെയ്യാൻ സഹായിക്കുക എന്നതാണ്. അത്തരം സ്വകാര്യ വെളിപാടുകളിൽ ഏതെല്ലാമാണ് ക്രിസ്തുവിന്റെയോ, അവിടുത്തെ വിശുദ്ധന്മാരുടെയോ, സഭയിലേക്കുള്ള യഥാർത്ഥ ആഹ്വാനം ഉൾക്കൊള്ളുന്നതെന്ന് വിവേചിച്ചറിഞ്ഞ്, അതിനെ സ്വീകരിക്കാൻ സഭയുടെ പ്രബോധനാധികാരത്താൽ നയിക്കപ്പെടുന്ന വിശ്വാസികളുടെ അവബോധത്തിന് (Sensus fidelium) കഴിയും'' (CCC67).

സഭയിൽ കടന്നുകൂടാവുന്ന വിശ്വാസവൈപരീത്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടു വി. പൗലോസ് എഴുതി: ''ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽ നിന്ന് വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ, സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ'' (ഗലാ 1:8). വി. പത്രോസും ശക്തമായ ഭാഷയിലാണ് ആദിമസഭയെ പഠിപ്പിച്ചത്: ''വിശുദ്ധ ലിഖിതങ്ങളിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷികചോദനയാൽ രൂപംകൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ്'' (2 പത്രോ: 1:20-21). സഭയുടെ വിശ്വാസനിക്ഷേപം (Deposit of Faith) അഭംഗുരം കാത്തുസൂക്ഷിക്കുക പ്രത്യേകിച്ചും



പ്രാദേശികസഭയിലെ മെത്രാൻ സമിതിയുടെ ഗൗരവമേറിയ ചുമതലയാകുന്നു.

**9. കേരള കത്തോലിക്കാസഭയും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവും**

ആദ്യകാലങ്ങളിൽ സഭയോടൊത്തുപ്രവർത്തിച്ചെങ്കിലും വി. ഗ്രന്ഥത്തോടും സഭാപാരമ്പര്യങ്ങളോടും ഇണങ്ങാത്ത പ്രബോധനങ്ങൾ സ്പിരിറ്റ് ഇൻ ജീസസിൽ നിന്നുണ്ടായപ്പോൾ സഭ ജാഗ്രതയോടെ അവരെ നിരീക്ഷിക്കാൻ തുടങ്ങി. സഭാഗാത്രത്തിലെ ഒരംഗംപോലും നഷ്ടമാകാതിരിക്കാൻ സഭാമാതാവ് എന്നും ആഗ്രഹിക്കുന്നുണ്ട്. സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടി സഭ പല തലങ്ങളിൽ പ്രാർത്ഥനയും ഉപവാസവും പരിത്യാഗപ്രവർത്തനങ്ങളും നടത്തിയിരുന്നു. സഭാഗാത്രത്തിലെ ഒരംഗം നഷ്ടമാകുമ്പോൾ സഭ മുഴുവനും വേദനിക്കുന്നു എന്ന അപ്പസ്തോലദർശനമാണ് സഭയുടെ നിത്യമായ പ്രേരണയും പ്രചോദനവും.

സീറോ മലബാർ സഭയുടെ മെത്രാൻ സമിതി ആദ്യമായി സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവുമായി ഒരു അനുനയ ചർച്ചയിൽ ഏർപ്പെടാൻ ശ്രമിച്ചു. പക്ഷേ വേണ്ട ഫലം കണ്ടില്ല. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ പല രൂപതകളിലേക്കും അവരുടെ പ്രവർത്തനം വ്യാപിച്ചപ്പോൾ കെസിബിസി അതിന്റെ ദൈവശാസ്ത്ര കമ്മീഷനെ സ്പിരിറ്റ് ഇൻ ജീസസ് നേതാക്കളുമായി സംഭാഷണത്തിൽ ഏർപ്പെടാൻ നിയോഗിച്ചു. ദൈവശാസ്ത്ര കമ്മീഷനും സ്പിരിറ്റ് ഇൻ ജീസസ് നേതൃത്വവും തമ്മിൽ നടത്തിയ ഡയലോഗുകളിൽ ഉണ്ടായ ധാരണയനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും പരിശോധിക്കാനും പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും ഒരു വൈദികനെ നിരീക്ഷകനായി നിയമിച്ചു. കൂടാതെ ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നവർക്കു വേണ്ടി തിയോളജി കമ്മീഷനംഗങ്ങൾ സെമിനാർ നടത്തിയെങ്കിലും അവർക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുകയോ അതിനനുസരിച്ച് സ്പിരിറ്റ് ഇൻ ജീസസിന്റെ അദ്ധ്യയനങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്തില്ല. ഇതിന്റെയടിസ്ഥാനത്തിൽ

സ്പിരിറ്റ് ഇൻ ജീസസിനോട് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പാക്കാത്തതിനെക്കുറിച്ചും അവരുടെ പ്രബോധനങ്ങളിലെ ദൈവശാസ്ത്രപ്രശ്നങ്ങളെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് 2015 ഏപ്രിൽ 23-ന് കെ.സി.ബി.സി ദൈവശാസ്ത്ര കമ്മീഷൻ നൽകിയ കത്തിന് മറുപടി നൽകുകയോ, ക്രിയാത്മകമായി കമ്മീഷനോട് സഹകരിക്കുകയോ ചെയ്തില്ല. മാത്രവുമല്ല, പ്രസ്തുത ചർച്ചകളുടെ മറവിൽ തെറ്റിദ്ധാരണ വളർത്താനാണ് ഇതിന്റെ നേതാക്കൾ താത്പര്യപ്പെട്ടത്. ''സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം തിരുസഭയുമായി അനുരഞ്ജനപ്പെട്ടു; എല്ലാ അഭിപ്രായ വ്യത്യാസങ്ങളും അവസാനിപ്പിച്ച് തിരുസ്സഭ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെ അംഗീകരിച്ചു''; തുടങ്ങിയ പ്രസ്താവനകളിലൂടെ സാധാരണ വിശ്വാസികളുടെയിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി മനസ്സിലാക്കുന്നു. ഇതെല്ലാം സഭാനേതൃത്വത്തോടും പ്രബോധനങ്ങളോടും ചേർന്ന് പോകാനുള്ള അവരുടെ വിമുഖത വ്യക്തമാക്കുന്നുണ്ട്.

### 10. വിശ്വാസികൾക്ക് കെ.സി.ബി.സി യുടെ മുന്നറിയിപ്പ്

മേൽപറഞ്ഞ കാരണങ്ങളാൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തെക്കുറിച്ച് വ്യക്തമായൊരു നിലപാട് സ്വീകരിക്കാൻ തിരുസ്സഭ നിർബന്ധിതമായിരിക്കുകയാണ്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം അതിന്റെ നിലവിലുള്ള രൂപത്തിൽ കത്തോലിക്കാവിശ്വാസവുമായി ഒത്തുപോകുന്നതല്ല. അതിനാൽ **ഈ പ്രസ്ഥാനത്തിന്റെ കത്തോലിക്കാസഭയിലെ എല്ലാ പ്രവർത്തനങ്ങളും ഇതിനാൽ നിരോധിക്കുന്നു. ഈ പ്രസ്ഥാനവുമായി ഏതെങ്കിലും വിധത്തിൽ സഹകരിക്കുന്നത് സത്യവിശ്വാസത്തിന് വിരുദ്ധമാണെന്ന് എല്ലാ വിശ്വാസികളെയും സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു**. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു തുടർന്നു പ്രവർത്തിക്കുന്നവരുണ്ടെങ്കിൽ അവർക്കെതിരേ സഭാപരമായ ശിക്ഷണ നടപടികൾ ബന്ധപ്പെട്ട രൂപതാ കോടതികൾ സ്വീകരിക്കുന്നതാണ്. സത്യവിശ്വാസം സംരക്ഷിക്കാൻ സഭയൊന്നാകെ സംഘാതമായി പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ആരും വിസ്മരിക്കരുത്.



### ഉപസംഹാരം

വഴിതെറ്റിപോകുന്നവരോട് കരുണ കാണിക്കാൻ സഭയ്ക്ക് കടമയുണ്ട്. സഭാഗാത്രത്തിൽ നിന്ന് ഒരു വ്യക്തിയെങ്കിലും നഷ്ടപ്പെടുന്നത് വേദനാജനകമാണ്. എങ്കിലും സത്യവിശ്വാസം (Orthodoxy) കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമാണെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. ''വിശ്വാസമില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല'' (ഹെബ്രാ 13:6). സഭാംഗങ്ങളിൽ ആരെങ്കിലും മേല്പറഞ്ഞ വിശ്വാസ വ്യതിചലനത്തിന് വിധേയരായിട്ടുണ്ടെങ്കിൽ തെറ്റുതിരുത്തി സത്യവിശ്വാസത്തിലേക്കു തിരികെ വരണമെന്നും സഭാമക്കളെ വഴിതെറ്റിക്കുന്ന അബദ്ധപ്രബോധനങ്ങളിൽ വീണുപോകാതിരിക്കാൻ വിശ്വാസികളേവരും ആത്മീയമായ ജാഗ്രത പുലർത്തണമെന്നും അഭ്യർത്ഥിക്കുന്നതോടൊപ്പം സഭയുടെ സത്യവിശ്വാസം സംരക്ഷിക്കുന്നതിനും സഭാഗാത്രത്തിലെ കൂട്ടായ്മ വർദ്ധമാനമാക്കുന്നതിനുമായി നൽകിയിരിക്കുന്ന ഈ പ്രബോധനങ്ങൾ സഭയിലെ മുഴുവൻ വിശ്വാസികളുടെയും വിശ്വാസപരിപോഷണത്തിനു കാരണമാകട്ടെ എന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവരെയും ദൈവികകാരുണ്യത്തിന് സമർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാമെത്രാൻ സമിതിക്കുവേണ്ടി,

കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ (പ്രസിഡന്റ്)

ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം (വൈസ് പ്രസിഡന്റ്)

ബിഷപ്പ് ജോസഫ് കരിയിൽ (സെക്രട്ടറി ജനറൽ)

N.B. ഈ സർക്കുലർ ജൂലൈമാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം. മുഴുവൻ വായിക്കാൻ സാധിക്കാത്തവർ സർക്കുലറിന്റെ ആമുഖവും 9-ാമത്തെ നമ്പർ തുടങ്ങി അവസാനം വരെയുള്ള ഭാഗങ്ങളും നിർബന്ധമായും വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

**C. 48/16** **യുവവൈദികരുടെ വാർഷിക സെമിനാർ**

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2016 ജൂലൈ 18, 10.30 am മുതൽ ജൂലൈ 20, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2009 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

**C. 49/16** **അറിയിപ്പ്**

രൂപതാദ്ധ്യക്ഷന്റെ അനുവാദം കൂടാതെ ചില സന്യാസ വൈദീകർ നമ്മുടെ ഇടവകകളിലെ ഭവനങ്ങളിൽ സന്ദർശനം നടത്തുകയും വയനാട് ചുരം പോലുള്ള സ്ഥലങ്ങളിലേക്ക് തീർത്ഥാടനത്തിനെന്ന പേരിൽ വിശ്വാസികളെ സംഘടിപ്പിക്കുകയും ചെയ്യുന്നതായി അറിയുന്നു. ഇതിനെക്കുറിച്ച് ബ. വികാരിയച്ചന്മാർ ജാഗ്രത പുലർത്തുകയും പള്ളികളിൽ വിശ്വാസികൾക്കാവശ്യമായ മുന്നറിയിപ്പ് നല്കുകയും ചെയ്യുമല്ലോ.

*Bishop*

**C. 50/16** **Monthly Recollection for Priests**

മെയ് മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 16-17 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 51/16** **Pastoral Council**

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 9th July 2016 (Saturday)



at Atmajothy, Adimali.

Time : 10.00 am - 4.00pm.

*Secretary*

**C. 52/16** **Presbyteral Council**

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 2nd August (Tuesday) 2016 at the Bishop's House, Karimpan.

Time: 10.30 am - 2.00 pm.

*Secretary*

**C. 53/16 ANNUAL RETREAT FOR PRIESTS**

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with someone in the other batch, and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia.

The Rev. Fathers are to fulfill the following Mass intentions and report to the Curia before the retreat.

1. For the priests of the Eparchy-1
2. Ad intentionem episcopi (Stipend to be used for charitable purposes) -4
3. Ad intentionem episcopi (Stipend to be used to meet the expenses of the retreat)-5

NB: The Mass intentions in Nos. 1 and 2 are to be fulfilled by all, while those in No. 3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them the Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

*Bishop*

**First Batch**

Venue: Atmajyothi, Adimaly
September 11th Sunday 7.00 pm to 16th Friday 4.00pm
Preacher: Rev. Fr. Daniel Poovannathil

1. Fr. Alencheril Antony
2. Fr. Ambazhathunkal James
3. Fr. Ampattukunnel Sebastian
4. Fr. Anikuzhikattil Thomas
5. Fr. Areeplackal Mathew
6. Fr. Azhimugath Joseph
7. Fr. Chakkankal George
8. Fr. Chemmarappillil Jose
9. Fr. Chenamchirayil John
10. Fr. Cherukunnel Johnson
11. Fr. Cheruparambil Mathew
12. Fr. Chittemariyil Mark
13. Fr. Chunayanmackal Joseph
14. Fr. Edattel Sebastian
15. Fr. Edavakandam Francis
16. Fr. Edavazhickal George
17. Fr. Irumpukuthiyil Mathew
18. Fr. Kalloor John
19. Fr. Karivelickal George



20. Fr. Karuvelil Dominic
21. Fr. Keeranchira George MST
22. Fr. Kochupurackal George
23. Fr. Kochupurackal Jose
24. Fr. Kochupurackal Sebastian
25. Fr. Kollamparambil George
26. Fr. Kollappillil Kuriakose
27. Fr. Koloth Francis
28. Fr. Kulamackal Thomas
29. Fr. Kumarakathukalayil Joseph
30. Fr. Kuthanappillil George (Sr)
31. Fr. Kuzhikandathil Mathew
32. Fr. Madukkakuzhy Mathew
33. Fr. Makkiyil James
34. Fr. Mattathil Varghese
35. Fr. Mavelikunnel Joseph
36. Fr. Mundackal John
37. Fr. Nadupadavil Joseph
38. Fr. Nechukattu Thomas
39. Fr. Palakudiyil Joseph
40. Fr. Palapulickal Antony
41. Fr. Pappady Joseph
42. Fr. Parackal Joseph
43. Fr. Parakadavil Antony
44. Fr. Parakadavil James
45. Fr. Fr. Pattathekuzhy George
46. Fr. Perunattu Philip
47. Fr. Plachickal Jose
48. Fr. Podiparackal Kurian
49. Fr. Ponnambel James
50. Fr. Poovathinkal Joseph
51. Fr. Powathu Joseph

52. Fr. Punnaplackal James
53. Fr. Punnolil John
54. Fr. Puthenpurayil Thomas
55. Fr. Puthiyaparambil Zacharias
56. Fr. Ramachanattu Thomas
57. Fr. Sauriyamkuzhiyil Thomas
58. Fr. Sauriyamkuzhy James
59. Fr. Thakidiyel George
60. Fr. Thelliyankal James
61. Fr. Thenammackal Joseph
62. Fr. Thoompunkal Thomas
63. Fr. Thottiyil Mathew
64. Fr. Thumpayilputhenpurayil Cherian
65. Fr. Urumbil Scaria
66. Fr. Vadakara Joseph
67. Fr. Valavanal Mathew
68. Fr. Valiamangalam Thomas
69. Fr. Valiyaveettil James
70. Fr. Vattamala Thomas
71. Fr. Vengaloor Mathew

**Second Batch**

Venue: Atmajyothi, Adimaly
September 18th Sunday 7.00 pm to 23rd Friday 4.00pm
Preacher: Rev. Fr. Thomas Parackal

1. Fr. Ambalathinkal Francis
2. Fr. Anikuzhikattil Luke
3. Fr. Arayathinal Mathew
4. Fr. Azhakanakunnel Mathew
5. Fr. Chittadiyil Jose
6. Fr. Chunayanmackal Francis
7. Fr. Iykkara Philip



8. Fr. Kalapurackal Jose
9. Fr. Kamukummattathil Kurian
10. Fr. Karackattu Kuriakose
11. Fr. Karikkoottathil Joseph
12. Fr. Karinthel George
13. Fr. Karivelickal Jose
14. Fr. Karottukocharackal Mathew
15. Fr. Kattakkayam Joseph
16. Fr. Kattupalath Thomas
17. Fr. Kavunkal Jose
18. Fr. Kochukunnel Joseph
19. Fr. Koickal Dominic
20. Fr. Koickal Joseph
21. Fr. Kollakombil Joseph
22. Fr. Kummannuparambil Zacharias
23. Fr. Kunnumpuram Jose
24. Fr. Kurias Kurian
25. Fr. Kuzhippallil George
26. Fr. Kuzhippallil George (Jr.)
27. Fr. Kuzhiyamplavil Thomas
28. Fr. Madathisseril Sebastian
29. Fr. Malieckal Michael
30. Fr. Mangalasseril James
31. Fr. Maniyattu Paul
32. Fr. Maniyattu Thomas
33. Fr. Marattil Jose
34. Fr. Mattam Kuriakose
35. Fr. Mattam Philip
36. Fr. Melettu Sebastian
37. Fr. Menammoottil Joseph
38. Fr. Mulloor George
39. Fr. Mundackattu John

40. Fr. Nallukunnel George
41. Fr. Narithookil Jose
42. Fr. Nellikunnel John
43. Fr. Paimpallil Joseph
44. Fr. Palackamattathil James
45. Fr. Palathinkal Joseph
46. Fr. Parackal Philip
47. Fr. Parackal Thomas
48. Fr. Parakadavil Joseph (Jr.)
49. Fr. Parakadavil Joseph (Sr.)
50. Fr. Perumalil George
51. Fr. Ponnambel Mathew
52. Fr. Pulparambil Joseph
53. Fr. Purayattu Abraham
54. Fr. Puthettu James
55. Fr. Puthoor Thomas
56. Fr. Puthuparambil Mathew
57. Fr. Thachaparabathu Luke
58. Fr. Thachukunnel Joseph
59. Fr. Thadathil Mathew
60. Fr. Thaicheril Thomas
61. Fr. Tharamuttam Mathew
62. Fr. Thazhathuveettil Philip
63. Fr. Thottiyil Joseph
64. Fr. Thumpanirappel George
65. Fr. Thundathil Thomas
66. Fr. Vadakkel Sebastian
67. Fr. Valiplackal Vincent
68. Fr. Vazhayil Joseph
69. Fr. Velinjalil Joseph
70. Fr. Vilakkumaruthumkal Mathew



## C. 54/16 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ | ജൂലൈ 3 |
| റവ. ഫാ. തോമസ് മണിയാട്ട് | ” |
| റവ. ഫാ. തോമസ് നെച്ചുകാട്ട് | ” |
| റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ | ” |
| റവ. ഫാ. തോമസ് വട്ടമല | ” |
| റവ. ഫാ. തോമസ് തൈച്ചേരിൽ | ” |
| റവ. ഫാ. തോമസ് പുത്തൻപുരയിൽ | ” |
| റവ. ഫാ. തോമസ് പാറയ്ക്കൽ | ” |
| റവ. ഫാ. തോമസ് തൂമ്പുങ്കൽ | ” |
| റവ. ഫാ. തോമസ് വലിയമംഗലം | ” |
| റവ. ഫാ. തോമസ് കാട്ടുപാലത്ത് | ” |
| റവ. ഫാ. തോമസ് കുളമാക്കൽ | ” |
| റവ. ഫാ. തോമസ് രാമച്ചനാട്ട് | ” |
| റവ. ഫാ. തോമസ് പുത്തൂർ | ” |
| റവ. ഫാ. തോമസ് തുണ്ടത്തിൽ | ” |
| റവ. ഫാ. തോമസ് പറയൻകുഴിയിൽ | ” |
| റവ. ഫാ. തോമസ് ശൗര്യാംകുഴി | ” |
| റവ. ഫാ. തോമസ് മംഗലത്ത് | ” |
| റവ. ഫാ. തോമസ് കാഞ്ഞിരംകുന്നേൽ | ” |
| റവ. ഫാ. തോമസ് മാറാട്ടുകുളം | ” |
| റവ. ഫാ. കുര്യാക്കോസ് മറ്റം | ജൂലൈ 15 |
| റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് | ” |
| റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ | ” |
| റവ. ഫാ. കുര്യൻ കുര്യാസ് | ” |
| റവ. ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | ” |
| റവ. ഫാ. കുര്യാക്കോസ് കൊല്ലപ്പിള്ളിൽ | ” |
| റവ. ഫാ. കുര്യൻ കമുകുംമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് മംഗലശ്ശേരിൽ | ജൂലൈ 25 |
| റവ. ഫാ. ജയിംസ് പാലക്കാമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് പാറക്കടവിൽ | ” |

റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ ”
റവ. ഫാ. ജയിംസ് ശൗര്യാംകുഴി ”
റവ. ഫാ. ജയിംസ് മാക്കിയിൽ ”
റവ. ഫാ. ജയിംസ് പുത്തേട്ട് ”
റവ. ഫാ. ജയിംസ് തെള്ളിയാങ്കൽ ”
റവ. ഫാ. ജയിംസ് വലിയവീട്ടിൽ ”
റവ. ഫാ. ജയിംസ് അമ്പഴത്തിങ്കൽ ”
റവ. ഫാ. ജയിംസ് കാവുങ്കൽ ”
റവ. ഫാ. ജയിംസ് പൊന്നമ്പേൽ ”

## ക്രിസ്തുജ്യോതി

### CJ. 47/16 ലോഗോസ് ക്വിസ് 2016

പഠന ഭാഗം : സംഖ്യ 11-21, സുഭാഷിതങ്ങൾ 10-20
യോഹന്നാൻ 13-21, വെളിപാട് 1-3
രൂപതാതല പരീക്ഷാ : 2016 സെപ്റ്റംബർ 25 ന്
2.00 pm മുതൽ 3.30 pm വരെ.
രജി. അവസാനിക്കുന്നത് : 2016 ജൂലൈ 30.

ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ ആണ് നടത്തേണ്ടത്. രജി. കഴിവതും നേരത്തെ പൂർത്തിയാക്കണം. 2016 ജൂലൈ 30ന് മുമ്പായി മത്സരാർത്ഥികളുടെ ലിസ്റ്റും രജി. ഫീസും ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം (വിശദവിവരങ്ങൾക്ക് ജൂൺ ലക്കം സഹ്യനാദം നോക്കുക). ലോഗോസ് ഫാമിലി പ്രോത്സാഹിപ്പിക്കുമല്ലോ. ലോഗോസ് ഫാമിലി രജിസ്ട്രേഷൻ വിശദാംശങ്ങൾ സൈറ്റിൽ ലഭ്യമാണ്.

### CJ. 48/16 സ്റ്റഡി ഫോറവും പ്രാർത്ഥന ദിനവും

ജൂലൈ മാസത്തെ സ്റ്റഡി ഫോറവും, പ്രാർത്ഥനാ ദിനവും, കൂട്ടായ്മ ഒരുക്കവും ജൂലൈ 17-നാണ് നടത്തേണ്ടത്.



**ഓരോ മാസവും സ്റ്റഡി ഫോറം നടത്തേണ്ട ഭാഗങ്ങൾ**

**'ആരാധന ക്രമ വിശ്വാസ പരിശീലനം'**

| | | |
|---|---|---|
| ജൂൺ | - ഒന്നാം അദ്ധ്യായം | |
| ജൂലൈ | - രണ്ടാം അദ്ധ്യായം | |
| ആഗസ്റ്റ് | - മൂന്നാം അദ്ധ്യായം | P. 38 മുതൽ 52 വരെ |
| സെപ്റ്റംബർ | - മൂന്നാം അദ്ധ്യായം | P. 52 മുതൽ 65 വരെ |
| ഒക്ടോബർ | - നാലാം അദ്ധ്യായം | P. 66 മുതൽ 82 വരെ |
| നവംബർ | - നാലാം അദ്ധ്യായം | P. 83 മുതൽ 98 വരെ |
| ഡിസംബർ | - അഞ്ചാം അദ്ധ്യായം | P. 100 മുതൽ 115 വരെ |
| ജനുവരി | - അഞ്ചാം അദ്ധ്യായം | P. 115 മുതൽ 124 വരെ |
| ഫെബ്രുവരി | - ആറാം അദ്ധ്യായം | |
| മാർച്ച് | - ഏഴാം അദ്ധ്യായം | |

പഠന ഭാഗങ്ങൾ നേരത്തേ വിഭജിച്ച് നല്കാം. ഒരോ കൂട്ടായ്മയിലും ക്ലാസെടുക്കേണ്ടവരെ നിയോഗിക്കാം.

### CJ. 49/16 വിജയ ജ്യോതി വിജയ പദ്ധതി

രക്ഷിതാക്കളുടെ വിശ്വാസ പരിശീലനം മക്കളിലൂടെയും മക്കളുടെ വിശ്വാസ പരിശീലനം മാതാപിതാക്കളിലൂടെയും നടത്തുവാൻ സഹായകമായ ഒരു പ്രവർത്തന പദ്ധതി അഭിവന്ദ്യ പിതാവ് വാർഷിക കൺവെൻഷനിൽ ഉത്ഘാടനം ചെയ്തത് ഓർമിക്കുമല്ലോ. “വിജയ ജ്യോതി”എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയുടെ ചാർട്ട് കുട്ടികൾക്കായി നവീകരിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൊണ്ടുള്ള പ്രയോജനം എന്തെന്ന് കുട്ടികളേയും മാതാപിതാക്കളേയും ബോദ്ധ്യപ്പെടുത്താനും ചാർട്ട് പരിചയപ്പെടുത്തുവാനുമുള്ള റിസോഴ്സ് ടീമിനേയും സജ്ജമാക്കിയിട്ടുണ്ട്. ഓരോ ഇടവകയും ആവശ്യമായ ചാർട്ടുകളുടെ എണ്ണം ക്രിസ്തുജ്യോതി ഓഫീസിൽ മുൻകൂട്ടി ബുക്ക് ചെയ്തതിനുശേഷം വാങ്ങാൻ വരുമല്ലോ. കാർഡ് ഒന്നിന് രണ്ടു രൂപയാണ് വില.

### CJ. 50/16 നവാഗതരായ അദ്ധ്യാപകർക്ക് പരിശീലനം

അടിമാലി ആത്മജ്യോതിയിൽ നവാഗതരായ മതാദ്ധ്യാപക

ർക്കുവേണ്ടി പരിശീലന പരിപാടി ജൂലൈ 5-ാം തീയതി 6.00 pm മുതൽ 7-ാം തീയതി 3.00 pm വരെ നടത്തപ്പെടുന്നു. നവാഗതരായ എല്ലാ മതാദ്ധ്യാപകരും ഇതുവരെയും BTC യിൽ സംബന്ധിച്ചിട്ടില്ലാത്തവരും നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. ഫീസ് Rs. 400.

**CJ. 51/16 ആരാധനക്രമ വിശ്വാസ പരിശീലനം**

മതാദ്ധ്യാപകരുടെ സ്റ്റഡി ഫോറത്തിനാവശ്യമായ ''സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം'' എന്ന പുസ്തകം ക്രിസ്തുജ്യോതി ബുക്ക് സ്റ്റാളിൽ എത്തിയിട്ടുണ്ട്.

**CJ. 52/16 കുർബാന പുസ്തകം**

പ്രോപ്രിയ, സപ്രാ പ്രാർത്ഥനകൾ അടങ്ങിയ കുർബാന പുസ്തകം ക്രിസ്തുജ്യോതി ബുക്ക് സ്റ്റാളിൽ ലഭ്യമാണ് വില. Rs. 45.

**CJ. 53/16 ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ**

1 മുതൽ 12-ാം ക്ലാസ് വരെയുള്ള സൺഡേ സ്കൂൾ ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ മുൻകൂട്ടി ഓർഡർ നല്കിയാൽ ഇംഗ്ലീഷ് പാഠപുസ്തകങ്ങളും ഇംഗ്ലീഷ് ചോദ്യപേപ്പറുകളും ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

## CORPORATE EDUCATIONAL AGENCY

**Edn. 25/16 അദ്ധ്യാപക സെമിനാർ 2016-2017**

അദ്ധ്യാപകർക്കായി ഈ വർഷം ഏകദിന സെമിനാർ ജൂലൈ 20, 21, 27, 28 തീയതികളിലായി നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ നടത്തുന്നതാണ്. അദ്ധ്യാപകർ അതാതു സെന്ററുകളിൽതന്നെ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പ്രഥമാദ്ധ്യാപകർ സെമിനാറിനുവേ



ണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ. എല്ലാ അദ്ധ്യാപകരും ഈ സെമിനാറിൽ പങ്കെടുക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

## TEACHERS SEMINAR 2016-17

### *VAZHATHOPE SGHSS 20-07-2015 (Wednesday)*

| | |
|---|---|
| 1 Vazhathope SGHSS | 2 Vazhathope SGHS |
| 3 Mariapuram SMHSS | 4 Punnayar STHS |
| 5 Vimalagiri VHS | 6 Kanjikuzhy S1MUPS |
| 7 Manippara SMUPS | 8 Narakakkanam SJUPS |
| 9 Vazhathope SGUPS | 10 Venmony SGUPS |
| 11 Mariapuram SMLPS | 12 Mulakuvally SJLPS |
| 13 Vimalagiri VLPS | 14 Thankamany STHSS |
| 15 Thankamany STHS | 16 Thankamany STLPS |
| 17 Pandipara SJUPS | 18 Mariapuram SMHS |

### *ERATTAYAR STHSS 21-07-2015 (Thursday)*

| | |
|---|---|
| 1 Erattayar STHSS | 2 Erattayar STHS |
| 3 Vellayamkudy SJHSS | 4 Vellayamkudy SJHS |
| 5 Vazhavara SMHS | 6 Bethel SJUPS |
| 7 Kattappana SJUPS | 8 Ezhukumvayal JMLPS |
| 9 Udayagiri SMUPS | 10 Chempakapara SPLPS |
| 11 Eattithope VMLPS | 12 Lebbakkada LMLPS |
| 13 Vellayamkudy SJLPS | 14 Nellippara SXLPS |
| 15 Nirmal Jyothi Vellayamkudy | 16 Chemmannara SXHSS |
| 17 Chemmannar SXHS | 18 Manjappara CRUPS |
| 19 Nedumkandam SSUPS | 20 Sleevamala SBLPS |
| 21 Nedumkandam SSHS | |

### *MURICKASSERY SMHSS 27-07-2015 (Wednesday)*

| | |
|---|---|
| 1 Murickassery SMHSS | 2 Murickassery SMHS |
| 3 Parathode SGHS | 4 Upputhode SJHS |
| 5 Kiliyarkandam HFUPS | 6 Mukkudam VLPS |
| 7 Mankuva STUPS | 8 Chempakapara SMLPS |
| 9 Poomankandam CRLPS | 10 Murickassery SMLPS |
| 11 Parathode SGLPS | 12 Thopramkudy SMGLPS |
| 13 Rajamudy CKLPS | 14 Parathode SGHSS |
| 15 Ponmudy SMHS | 16 Thooval SJLPS |

*THOKKUPARA SSHS 28-07-2015 (Thursday)*

| | |
|---|---|
| 1 Mankulam SMHS | 2 Pottenkad SSHS |
| 3 Thokkupara SSHS | 4 Josgiri SJUPS |
| 5 Kollimala SMUPS | 6 Mankulam SMUPS |
| 7 Panamkutty SJUPS | 8 Anakulam SJLPS |
| 9 Ellackal SALPS | 10 Kallarkutty SJLPS |
| 11 Pallanad SMLPS | 12 Poopara SMGUPS |
| 13 Rajakumary HQUPS | 14 Kanthipara SSHS |
| 15 Mankulam SMHSS | |

# സോഷ്യൽ സർവ്വീസ്

**SS 53/16 സെൻട്രൽ കമ്മറ്റി**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ സെൻട്രൽ കമ്മറ്റി മീറ്റിംഗ് ജൂൺ മാസം 10-ാം തിയതി എച്ച്.ഡി.എസ് ഓഫീസിൽ വച്ച് പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത മീറ്റിംഗിൽ സൊസൈറ്റിയുടെ വിവിധ പദ്ധതികളെപ്പറ്റി വിശദീകരിക്കുകയും, പുതിയ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, കമ്മറ്റി അംഗങ്ങൾ, സെക്രട്ടറി ശ്രീ. സിബി തോമസ് എന്നിവർ കമ്മറ്റിയിൽ പങ്കെടുത്തു.

**SS 5416 ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് മീറ്റ്**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ക്രെഡിറ്റ് യൂണിയൻ യൂണിറ്റുകളുടെ ഭാരവാഹികളുടെ മീറ്റിംഗ് ജൂൺ മാസം 14-ാം തിയതി കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തി. മീറ്റിംഗിന് ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് അദ്ധ്യക്ഷത വഹിച്ചു. എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ കഴിഞ്ഞ വർഷം സൊസൈറ്റിയ്ക്ക് വ്യത്യസ്തങ്ങളായ മേഖലകളിൽ



ലഭിച്ച അംഗീകാരങ്ങളെക്കുറിച്ചും, സൊസൈറ്റിയുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ചും അവലോകനം നടത്തി സംസാരിച്ചു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ പുതിയതായി ആരംഭിക്കുന്ന പ്രോജക്റ്റുകളെക്കുറിച്ച് അംഗങ്ങളെ ബോധ്യപ്പെടുത്തി. അംഗങ്ങൾ മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിവിധ ഗ്രൂപ്പുകളിലായി ചർച്ച നടത്തുകയും അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഗ്രൂപ്പിൽ അവതരിപ്പിക്കുകയും ചെയ്തു. എച്ച്.ഡി.എസ് സ്റ്റാഫ് അംഗങ്ങളും സജീവമായി മീറ്റിംഗിൽ പങ്കെടുക്കുകയും പരിപാടികൾക്ക് നേതൃത്വം നല്കുകയും ചെയ്തു. അന്നേദിവസം ക്യാൻസർ ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ID കാർഡ് വിതരണം ചെയ്തു.

**SS 55/16 സ്വയം തൊഴിൽ പരിശീലനം**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നഭിന്നശേഷിയുള്ളവരുടെ കൂട്ടയ്മയായ തീരം സംഘടനയുടെ അംഗങ്ങൾക്ക് വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ പരിശീലന പരിപാടിയ്ക്ക്തുടക്കം കുറിച്ചു. ആദ്യ പരിശീലന പരിപാടി ജൂൺ 15-ാം തിയതി ബുധനാഴ്ച കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തി. സോപ്പ് പൊടി, ലിക്വിഡ് സോപ്പ്, ലോഷൻ എന്നിവ ഉണ്ടാക്കാൻ പഠിപ്പിക്കുകയും ഇവയ്ക്ക് ആവശ്യമായ കിറ്റുകൾ നല്കുകയും ചെയ്തു. തീരം പ്രോഗ്രാം ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിന് പ്രസിഡന്റ് ശ്രീ. ജോബ് കലമറ്റം അദ്ധ്യക്ഷത വഹിച്ചു. സി. ആൽബി എസ്.എ.ബി.എസ്, ശ്രീ. എബിൻകുറുന്താനത്ത്, മിസ്. ഷീനാ ലിസ് മാത്യു, ശ്രീമതി ഷൈനി ഇലവുംപാറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



# ചെറുപുഷ്പ മിഷൻലീഗ്

## CML 21/16 രൂപതാ മാനേജിംഗ് കമ്മറ്റിയും വാർഷികവും അവാർഡ് ദാനവും പ്രവർത്തനവർഷ ഉദ്ഘാടനവും

സി.എം.എൽ. ഇടുക്കി രൂപതയുടെ 2016-2017 പ്രവർത്തന വർഷത്തെ രൂപതാ മാനേജിംഗ് കമ്മറ്റി 2016 ജൂലൈ 15-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ രൂപതാ-മേഖലാ ഭാരവാഹികളും പ്രസ്തുത മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കുമല്ലോ.

രൂപതാ കൗൺസിലും, വാർഷികവും അവാർഡ് ദാനവും പ്രവർത്തന വർഷ ഉദ്ഘാടനവും 2016 ജൂലൈ 16-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് നടത്തപ്പെടുന്നു. 2015-16 വർഷത്തെ ബെസ്റ്റ് ശാഖാ, മേഖലകൾ കൈയ്യെഴുത്ത് മാസികയ്ക്കുള്ള ട്രോഫികൾ, SSLC, +2 വിന് എല്ലാ വിഷയങ്ങൾക്കും A+ നേടിയ കുട്ടികൾക്കുള്ള ട്രോഫികൾ എന്നിവ രൂപതാ കൗൺസിലിൽവച്ച് നല്കുന്നതാണ്. എല്ലാ ശാഖാ ഭാരവാഹികളും പ്രവർത്തകരും കൗൺസിലിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 22/16 ട്രോഫികൾ

2014-2015 പ്രവർത്തന വർഷം ബെസ്റ്റ് ശാഖ, മേഖല കൈയ്യെഴുത്ത് മാസികകൾക്കായുള്ള ട്രോഫി കരസ്ഥമാക്കിയ ശാഖകളും മേഖലകളും ട്രോഫികൾ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## CML 23/16 രൂപതാ സാഹിത്യ മത്സരം

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ 6 സെന്ററുകളിൽ വച്ച് 2016 ഓഗസ്റ്റ് 2-ാം തീയതി ചെവ്വാഴ്ച രാവിലെ 9.30 മുതൽ രൂപതാ സാഹിത്യ മത്സരം നടത്തുന്നു. ശാഖ



കളിൽ നിന്നും ഒരോ ഇനത്തിലും രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടിൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**സെന്ററുകൾ**

1. വാഴത്തോപ്പ് - സെന്റ് ജോർജ്ജ് HSS വാഴത്തോപ്പ്
2. മുരിക്കാശ്ശേരി - സെന്റ് മേരീസ് HSS മുരിക്കാശ്ശേരി
3. വെള്ളയാംകുടി - സെന്റ് ജെറോം HSS വെള്ളയാംകുടി
4. നെടുംകണ്ടം - സെന്റ് സെബാസ്റ്റ്യൻ HSS നെടുംകണ്ടം
5. അടിമാലി - ഫാത്തിമ മാതാ HSS കൂമ്പൻപാറ
6. രാജാക്കാട് ക്രിസ്തുരാജ് പാരീഷ്ഹാൾ, രാജാക്കാട്

**മത്സര ഇനങ്ങൾ**

1. സബ് ജൂണിയർ (ആൺ-പെൺ വ്യത്യാസമില്ലാതെ) ചിത്ര രചന (ജലച്ചായം)
2. ജൂണിയർ ആൺകുട്ടികൾ- ഉപന്യാസം, ചെറുകഥ, കവിത
   ജൂണിയർ പെൺകുട്ടികൾ- ഉപന്യാസം, ചെറുകഥ, കവിത
   ആൺ പെൺ വ്യത്യാസമില്ലാതെ ചിത്ര രചന (പെൻസിൽ)
3. സീനിയർ ആൺകുട്ടികൾ- ഉപന്യാസം, ചെറുകഥ, കവിത
   സീനിയർ പെൺകുട്ടികൾ- ഉപന്യാസം, ചെറുകഥ, കവിത
   ആൺ പെൺ വ്യത്യാസമില്ലാതെ ചിത്ര രചന (പെൻസിൽ)
4. സൂപ്പർ സീനിയർ ആൺകുട്ടികൾ- ഉപന്യാസം. ചെറുകഥ. കവിത
   സൂപ്പർ സീനിയർ പെൺകുട്ടികൾ- ഉപന്യാസം. ചെറുകഥ. കവിത

**മത്സര വിഷയങ്ങൾ**

**ഉപന്യാസം:** (ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ) : വി.യോഹന്നാൻ 15-ാം അദ്ധ്യായം
**ചെറുകഥ:** (ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ) :വി. യോഹന്നാൻ 16-ാം അദ്ധ്യായം
**കവിത:** (ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ) :വി. യോഹന്നാൻ 17-ാം അദ്ധ്യായം
(രചനാ മത്സരങ്ങളിൽ ഭാഷാ, ശൈലി പ്രയോഗങ്ങൾ, വർണ്ണന, ആശയം, സന്ദേശം, കാലിക പ്രസക്തി എന്നിവയ്ക്കാണ് പ്രാധാന്യം)

## CML 24/16 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2016-17 പ്രവർത്തന വർഷത്തെ പ്രഥമ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ജൂൺ 11-ാം തീയതി ശനിയാഴ്ച്ച രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജയിംസ് മംഗലശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. തുടർന്ന് മാതൃദീപ്തി രൂപതാ ഡയറക്ടർ റവ. ഫാ. മാത്യൂ ഇരുമ്പുകുത്തിയിൽ ക്ലാസുകൾ നയിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും രൂപതാ ജോ.ഡയറക്ടർ സി. ദീപ റോസ്. SD നന്ദിയും രേഖപ്പെടുത്തി 95 ശാഖകളിൽനിന്ന് മോഡറേറ്റേഴ്സ് പങ്കെടുത്തു. ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്ത് വിജയിപ്പിച്ച ബഹുമാനപ്പെട്ട മോഡറേറ്റർ സിസ്റ്റേഴ്സിനു രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

# കെ.സി.എസ്.എൽ.

## KCSL 26/16 പുതിയ അദ്ധ്യായന വർഷത്തിലെ ആനിമേറ്റേഴ്സിനു വിജയാശംസകൾ

പുതിയ അദ്ധ്യായന വർഷത്തിൽ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർക്കു പ്രവർത്തന വിജയാശംസകൾ നേരുന്നു.

## KCSL 27/16 അഭിനന്ദനങ്ങൾ

ഈ വർഷത്തെ സംസ്ഥാന വിദ്യാർത്ഥി പ്രതിനിധികളായി നമ്മുടെ രൂപതയിൽ നിന്നും തെരഞ്ഞടുക്കപ്പെട്ടിരിക്കുന്ന ഇരട്ടയാർ സെന്റ് തോമസ് HSS ലെ ആഞ്ചലീന ജോസ്, ആദർശ് ടോം വാഴത്തോപ്പ് SGHSS ലെ അനിറ്റ മാത്യൂ എന്നിവർക്ക് ഇടുക്കി രൂപതാ കെ.സി.എസ്.എൽ. കുടുംബത്തിന്റെ അഭിന്ദനങ്ങൾ.



## KCSL 26/16 സംസ്ഥാനതല ആനിമേറ്റേഴ്സ് സംഗമം

സംസ്ഥാനതലത്തിലുള്ള ആനിമേറ്റേഴ്സ് സംഗമവും വിദ്യാർത്ഥി ഭാരവാഹികളുടെ സത്യപ്രതിജ്ഞയും ജൂൺ 10, 11 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടന്നു. നമ്മുടെ രൂപതയിൽ നിന്നും 10 അദ്ധ്യാപകരും വിദ്യാർത്ഥി ഭാരവാഹികളും പങ്കെടുത്തു.

## KCSL 26/16 രൂപതാതല ആനിമേറ്റേഴ്സ് സംഗമം

നമ്മുടെ സ്കൂളുകളിലെ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സിന്റെ സംഗമവും വിദ്യാർത്ഥി ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ജൂലൈ 2-ാം തീയതി മുരിക്കാശ്ശേരി SMHSS ൽ വച്ച് നടത്തപ്പെടുന്നു. LP, UP, HS, HSS വിഭാഗങ്ങളിലെ ആനിമേറ്റേഴ്സും വിദ്യാർത്ഥി ഭാരവാഹികളും സംഗമത്തിൽ കൃത്യമായും പങ്കെടുക്കേണ്ടതാണ്.

# കെ.സി.വൈ.എം.

## KCYM 25/16 യുവജന ദിനാചരണം

ജൂലൈ 10-ാം തീയതി യുവജനദിനം. അന്നേ ദിവസം കെ.സി.വൈ.എം. അംഗങ്ങൾ ഒരുമിച്ചുകൂടി യുവജനദിനം സമുചിതമായി ആചരിക്കുമല്ലോ. കെ.സി.വൈ.എം. രൂപികരിക്കാത്ത ഇടവകകളിലും ആ ദിവസം യുവജനങ്ങളെ ഒരുമിച്ചുകൂട്ടുവാനും അവർക്കായി ഒരു വി. കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുവാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## KCYM 26/16 യോബേൽ 2016 കരുണയുടെ യുവജനസംഗമങ്ങൾ

ദൈവകരുണയുടെ ജൂബിലിവർഷാചരണത്തിലാണല്ലോ നാം. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ നമ്മുടെ രൂപതയിലെ കരുണയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ യുവജനസംഗമങ്ങൾ നടത്തുന്നു.

ജൂലൈ 10 - യുവജനദിനാചരണം - അടിമാലി
ജൂലൈ 17 - ജസ്റ്റിസ് സൺഡേ - രാജകുമാരി
ജൂലൈ 24 - ജീവന്റെ പരിപോഷണം യുവജനങ്ങളിലൂടെ - വെള്ളയാംകുടി
ജൂലൈ 31 - മദർ തെരേസ അനുസ്മരണം - വാഴത്തോപ്പ്

സൗകര്യപ്രദമായ ഒരു സ്ഥലത്ത് യുവജനങ്ങളെ പങ്കെടുപ്പിക്കുമല്ലോ. ഉച്ചകഴിഞ്ഞ് രണ്ടു മണിമുതൽ നാലു മണിവരെയാണ് ഒരോ ദിവസത്തേയും പ്രോഗ്രാം.

## KCYM 27/16 ജൂൺ 5 പരിസ്ഥിതി ദിനാചരണം

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് "മരപ്പെയ്ത്ത്" എന്ന പേരിൽ വിവിധ ഇടവകകളിലായി 5000 മരതൈകൾ വിതരണം ചെയ്തു.

## KCYM 28/16 രൂപതാ സമിതി സന്ദർശിച്ചു

കെ.സി.വൈ.എം. രൂപതാ സമിതി അംഗങ്ങൾ മുളകുവള്ളിയിൽ പ്രവർത്തിക്കുന്ന ബോയിസ് ഹോം സന്ദർശിക്കുകയും അവിടെയുള്ള 25 കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കുകയും ചെയ്തു.



# ഫാമിലി അപ്പോസ്റ്റലേറ്റ്

## FA 18/16 വിവാഹ ഒരുക്ക സെമിനാർ

2016 ജൂലൈ 11 തിങ്കൾ - 13 ബുധൻ, ആത്മജ്യോതി, അടിമാലി.
2016 ജൂലൈ 25 തിങ്കൾ - 27 ബുധൻ, ,,
2016 ആഗസ്റ്റ് 15 തിങ്കൾ - 17 ബുധൻ, ,,

## FA 19/16 ഏലിശ്വാ ധ്യാനം (ഗർഭസ്ഥ ദമ്പതികൾക്ക് )

ആഗസ്റ്റ് 19 വെള്ളി - 21 ഞായർ, ആത്മജ്യോതി, അടിമാലി.



## FA 20/16 നസ്രത്ത് മീറ്റ് 2016

വിവാഹ ജീവിതാവസ്ഥയുടെ മഹത്വം മനസിലാക്കി യുവജനങ്ങളെ പ്രസ്തുത ജീവിതാവസ്ഥയെ ലക്ഷ്യമാക്കി പരിശീലിപ്പിക്കുന്നതിന് മാതാപിതാക്കൾക്കും ശരിയായി ഒരുങ്ങാൻ യുവജനങ്ങൾക്കും പ്രചോദനമേകുന്നതിനായി ഇടവകാതലത്തിൽ അവിവാഹിത യുവതീയുവാക്കളുടേയും അവരുടെ മാതാപിതാക്കളുടേയും കൂട്ടായ്മ സംഘടിപ്പിക്കുവാൻ ബഹു. വികാരിമാർ സഹകരിക്കണമെ. 3 മണിക്കൂർ ലഭിക്കുന്ന സെഷൻ, വി. കുർബാന, ക്ലാസ്, കൗൺസിലിംഗ് ഉൾപ്പെടെ ക്രമീകരിക്കാവുന്നതാണ്. ഇടവകകൾ മുൻകൂട്ടി തീയതികൾ അറിയിക്കണേ. ഫോൺ : 9446837178.

## FA 21/16 കൊയ്നോണിയ ഫാമിലി സെന്റർ (K.F.C) (Koinonia Family Center)

കുടുംബപ്രേഷിത ശുശ്രൂഷയിൽ നവമായ മുന്നേറ്റം ലക്ഷ്യമാക്കി ഇടുക്കി രൂപതാ കേന്ദ്രത്തോടനുബന്ധിച്ച്, ദമ്പതികൾക്കും മാനസിക സംഘർഷമനുഭവിക്കുന്ന കുടുംബങ്ങൾക്കും മാർഗ്ഗനിർദ്ദേശം നല്കുന്നതിനും, മാനസീകാശ്വാസമേകുന്നതിനുമായി ഫാമിലി തെറാപ്പി, ദാമ്പത്യ കൗൺസിലിംഗ് ഇവയിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ പ്രാരംഭഘട്ടത്തിൽ സേവനം ലഭ്യമാണ്. കൂടുതൽ ആവശ്യമുണ്ടാകുന്നതനുസരിച്ച് ആഴ്ചയിൽ 6 ദിവസം പ്രസ്തുത സേവനം ലഭ്യമാക്കുന്നതായിരിക്കും. ബഹു. വികാരിയച്ചൻമാർ വ്യക്തിപരസഹായം ആവശ്യമുള്ളവരെ പറഞ്ഞയക്കണെ. സെന്ററുകളിൽ വരുന്നതിനു മുൻപായി താഴെ നല്കുന്ന ഫോൺ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

തിങ്കൾ, ചൊവ്വ, ബുധൻ - 9496895111 (10.00am - 4.00pm)
ഓഫിസ് സമയം
- 9656802262 സി. ലീമാ റോസ് (C.H.F.)



# നവോമി കുടുംബ കേന്ദ്രം

**NFC 1/16 നവോമി കുടുംബ കേന്ദ്രം**
**(Navomi Family Centre - N.F.C)**

രൂപതാർത്തിയിലുള്ള 8000-ത്തിൽപരം വിധവകളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പരസ്പരാശ്രയത്വത്തിൽ വളരുന്നതിനുമായി ഇടവകതോറും നവോമി സംഗമങ്ങൾ നടത്താനാഗ്രഹിക്കുന്നു. മക്കൾ നഷ്ടപ്പെട്ടവരും പെൺമക്കൾ മാത്രമുള്ളവരും വന്ധ്യതയുള്ളവരുമായ വിധവകളുടെ സഹായത്തിനായി വിവധ പദ്ധതികൾ:

Save-A -Widow (SAW) - മക്കൾ നഷ്ടപ്പെട്ട വിധവകൾക്ക്
Sponsor-A -Widow Family (SAWF) - പെൺമക്കൾ മാത്രമുള്ള വിധവ
Bless-A -Widow (BAW) - മക്കളില്ലാത്ത വിധവ

മാസം തോറും 500, 1000 രൂപ വീതം നല്കി ഒരു വിധവയെ സഹായിക്കുന്നതിന് കുടുംബങ്ങളെ പ്രേരിപ്പിക്കുമല്ലോ. കൂടാതെ SHG കൾ വഴി ഇടവകാ-രൂപതാ തലങ്ങളിൽ പലിശ രഹിത വായ്പകൾ അടിയന്തരവശ്യങ്ങളിൽ നേടാൻ പദ്ധതികളും തയ്യാറാക്കുന്നു. ഒരോ ഇടവകയിലും വിധവകളുടെ SHG കൾ രൂപപ്പെടുത്തുവാൻ ബഹു. വികാരിയച്ചൻമാരുടെ സഹായ സഹകരണം പ്രതീക്ഷിക്കുന്നു. Ph : 9446837178.



# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 20/16 KCCRST ഇടുക്കി സോണൽ സന്ദർശനം**

കേരളാ കത്തോലിക്കാ കരിസ്മാറ്റിക്ക് റിന്യൂവൽ സർവ്വീസ് ടീം (KCCRST) ചെയർമാൻ ബഹു. ഫാ. വർഗീസ് മുണ്ടയ്ക്കലിന്റെയും വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിലിന്റെയും



സെക്രട്ടറി സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളിയുടേയും നേതൃത്വത്തിൽ ഇടുക്കി സോൺ സന്ദർശിക്കുകയും 2016 ജൂൺ 15-ാം തീയതി 10 am മുതൽ 1 pm വരെ കനകക്കുന്ന് ദേവാലയത്തിൽ കൂടിയ കൂട്ടായ്മയിൽ പ്രാർത്ഥിക്കുകയും ഭാവി പ്രോഗ്രാമുകൾ പ്ലാൻ ചെയ്യുകയും ചെയ്തു.

**PG 21/16 സബ്സോൺ പ്രോഗ്രാമുകൾ**

**1. രാജാക്കാട് സബ്സോൺ**

ജൂലൈ രണ്ടാം ശനിയാഴ്ച 9-ാം തീയതി 1 pm - 4.30 pm വരെ രാജാക്കാട് സബ്സോൺ സെമിനാർ പൊട്ടൻകാട് പള്ളിയിൽ ബഹു. ഫാ. മാത്യു തറമുട്ടത്തിന്റെ നേതൃത്വത്തിൽ നടക്കുന്നു.

**2. വാഴത്തോപ്പ്**

വാഴത്തോപ്പ് സബ്സോൺ സെമിനാർ ജൂലൈ 3-ാം ശനിയാഴ്ച 10 am മുതൽ 1 pm വരെ കരിമ്പൻ ദൈവാലയത്തിൽ നടക്കുന്നു.

**3. തോപ്രാംകുടി സബ്സോൺ**

തോപ്രാംകുടി സബ്സോൺ കൂട്ടായ്മ രണ്ടാം ശനിയാഴ്ച 4 pm - 8.30 pm വരെ തോപ്രാംകുടി സെന്റ് മരിയഗൊരേത്തി പള്ളിയിൽ നടക്കുന്നു.

**4. പാറത്തോട് സബ്സോൺ**

പാറത്തോട്, സബ്സോണിന്റെ ലീഡേഴ്സ് കൂട്ടായ്മ ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച 10 am മുതൽ 4 pm വരെ പൊൻമുടി ദൈവാലയത്തിൽ കൂടുന്നു. ഈ കൂട്ടായ്മക്ക് ഫാ. ആന്റണി പാലാപുളിക്കൽ നേതൃത്വം കൊടുക്കുന്നു.

**PG 22/16 മദ്ധ്യസ്ഥ പ്രാർത്ഥന**

ജൂലൈ 3-ാം ബുധനാഴ്ച 6 pm മുതൽ 9 pm വരെ കരിമ്പൻ ദൈവാലയത്തിൽ വാഴത്തോപ്പ് സബ്സോണിന്റെ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

# കേരള ലേബർ മൂവ്മെന്റ്

### KLM 32/16 ഉന്നതവിജയം കൈവരിച്ചവരെ ആദരിക്കുന്നു

SSLC, +2 പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികളെ ജൂലൈ 2 ന് രാവിലെ 11.30 ന് പടമുഖം സ്നേഹമന്ദിരം ഓഡിറ്റോറിയത്തിൽ വച്ച് ആദരിക്കുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ റോഷി അഗസ്റ്റ്യൻ എം.എൽ.എ. വിജയികളെ ആദരിക്കും.

### KLM 33/16 സിസ്റ്റർ ചൈതന്യ സി.എം.സി.യെ ആദരിക്കുന്നു

അവയവദാനത്തിലൂടെ മറ്റുള്ളവർക്ക് മാതൃക കാട്ടിയ കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കോഡിനേറ്റർ സി. ചൈതന്യാ സി.എം.സി.യെ ആദരിക്കും. കെ.എൽ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി പൊന്നാടയണിച്ച് ആദരിക്കും.

### KLM 34/16 ലീഡേഴ്സ് ക്യാമ്പ്

കെ.എൽ.എം. സംസ്ഥാന ലീഡേഴ്സ് ക്യാമ്പ് ജൂലൈ 16, 17 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടക്കും

### KLM 35/16 റിസോഴ്സ് ടീം ക്യാമ്പ്

കെ.എൽ.എം. സംസ്ഥാന റിസോഴ്സ് ടീം അംഗങ്ങളുടെ ക്യാമ്പ് ഓഗസ്റ്റ് 13, 14 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടക്കും.

### KLM 36/16 വനിതാഫോറം രൂപതാ സംഗമം

കേരളാ വനിതാഫോറം ഇടുക്കി രൂപതാ സംഗമം ജൂലൈ



2-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് പടമുഖം സ്നേഹമന്ദിരം ഓഡിറ്റോറിയത്തിൽ നടക്കും

### KLM 37/16 വനിതാഫോറം സംസ്ഥാന ക്യാമ്പ്

കേരളാ വനിതാഫോറം സംസ്ഥാന ക്യാമ്പ് ജൂലൈ 14, 15 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടക്കും.

### KLM 38/16 സംസ്ഥാന ഭാരവാഹികളുടെ രൂപതാ സന്ദർശനം

കെ.എൽ.എം. സംസ്ഥാന ഭാരവാഹികളുടെ രൂപതാ സന്ദർശനം ജൂലൈ 26 ന് രാവിലെ 11 മണിക്ക് കരിമ്പൻ ബിഷപ്പ് ഹൗസിൽ.

# വാർത്തകളും വിശേഷങ്ങളും

### മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ്

വിശുദ്ധ ഗ്രന്ഥവും ദൈവശാസ്ത്രവും ആഴത്തിൽ പഠിച്ച് തങ്ങളുടെ സാക്ഷ്യം കൂടുതൽ ഫലപ്രദമാക്കാൻ ആഗ്രഹിക്കുന്ന അൽമായർക്കായി 332 വർഷമായി വൈദികരെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്ന മഹത്തായ സ്ഥാപനമായ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലെ (സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി കാർമ്മൽഗിരി) പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ഒരു സംരംഭത്തിന് ഈ വർഷം തുടക്കം കുറിച്ചിരിക്കുന്നു. വീട്ടിലിരുന്ന് വിശുദ്ധ ഗ്രന്ഥവും ദൈവശാസ്ത്രവും പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ് ആരംഭിച്ചിരിക്കുന്നു. മതാദ്ധ്യാപകർക്കും, സിസ്റ്റേഴ്സിനും ഇടവകപ്രവർത്തനങ്ങളിൽ നേതൃസ്ഥാനത്തുള്ളവർക്കും, വിശ്വാസകാര്യങ്ങളിൽ താൽപര്യമുള്ളവർക്കും ഏറെ ഉപകാരപ്രദമാണ് ഈ കോഴ്സ്. മലയാളഭാഷയിൽ 4 സെമസ്റ്ററുകളായി നടത്തപ്പെടുന്ന ഈ കോഴ്സിന് ആവ

ശ്യമായ മലയാളപാഠ്യപുസ്തകങ്ങൾ ഇവിടെ പഠിപ്പിക്കുന്ന പ്രശസ്ത രായ അദ്ധ്യാപകർ ഇതിനകം തയ്യാറാക്കികഴിഞ്ഞു.

**സെമസ്റ്ററിൽ രണ്ട് കോൺടാക്ട് ക്ലാസ്സുകൾ ഉണ്ടായിരിക്കും. സമ്പന്നമായ ലൈബ്രറികൾ ഉപയോഗിക്കാനുള്ള അനുവാദം, കോൺടാക്ട് ക്ലാസ്സ് ദിവസങ്ങളിലുള്ള ഭക്ഷണം, ടെക്സ്റ്റ് ബുക്കുകൾ എന്നിവ ഉൾപ്പെടെ ഫീസ് ഒരു സെമസ്റ്ററിന് 1000 രൂപ. മൂന്ന് സെമസ്റ്ററുകൾ വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം സെമസ്റ്റർ ഫീസായ 1000 രൂപ സ്കോളർഷിപ്പായി നൽകുന്നതാണ്. 2016 ആഗസ്റ്റ് 01 ന് ആരംഭിക്കുന്ന ഈ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

Dr. Chacko Puthenpurackal
President (PIA)
Director
Distance Education
St. Joseph Pontifical Seminary
Carmelgiri, PB No: 604
Aluva - 683102
Ph: 0484-2603695 (office)
(9:30 am - 4:30 pm)
Email:piadistanceedu@gmail.com

Dr. Siby Kurian Pulickal
Director of Distance Education (PIA)
Director
Distance Education
St. Joseph Pontifical Seminary
Mangalapuzha, PB No: 01
Aluva - 683102
Ph: 0484-2606085 (office)
(9:30 am - 4:30 pm)
Email:piadistanceedu@gmail.com








02 മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂളിൽ നടന്ന രൂപതാതല പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.

06-08 കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

13 കൊഴുവനാൽ പള്ളിയിൽ വെങ്ങാലൂർ ഷൈബി-ജോമി ദമ്പതികളുടെ മകൾക്ക് മാമ്മോദീസ നല്കി.

* കോതമംഗലം രൂപതാംഗമായ ബഹുമാനപ്പെട്ട പീച്ചാട്ടച്ചന്റെ വിയോഗത്തിൽ അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി ആദരാഞ്ജലി അർപ്പിച്ചു.

17 എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരെ വാഴത്തോപ്പിൽ നടന്ന യോഗത്തിൽ അനുമോദിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

18-19 മച്ചിപ്ലാവ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

21 കോതമംഗലം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും, കലൂർ സെന്റ് ജോൺസ് ഇടവക എകെസിസി യൂണിറ്റ് പ്രസിഡന്റുമായിരുന്ന നമ്പ്യാപറമ്പിൽ ജോർജ് ലൂക്കാച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

25 ഇരട്ടയാറിൽ ജോർദ്ദാനിയ സമൂഹമാമ്മോദീസ നടത്തി.

25-26 തോക്കുപാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.




| | | |
|---|---|---|
| 02 | 06.00 pm | - കരിമ്പൻ |
| 03 | | - സഭാദിനം |
| 09 | 10.00 am | - പാസ്റ്ററൽ കൗൺസിൽ |
| 16 | | - അടിമാലി, കാർമ്മലൈറ്റ് പ്രൊവിൻഷ്യൽ ഹൗസ് |
| 16 | 10.00 am | - സി.എം.എൽ. രൂപതാ കൗൺസിൽ |
| 16-17 | | - പള്ളിവിസീത്ത, ഇരുമ്പുപാലം |
| 18 | 11.30 am | - വിദ്യഭ്യാസ വർഷാരംഭം, പാവനാത്മ കോളേജ്, മുരിക്കാശ്ശേരി |
| 18 | 03.00 pm | - യുവവൈദീക സമ്മേളനം, അടിമാലി |
| 21-22 | | - Regional Bishops Meeting, കാഞ്ഞിരപ്പള്ളി |
| 23-24 | | - പള്ളിവിസീത്ത, കല്ലാർ |
| 25 | | - Episcopal Ordination, കോട്ടയം |
| 27-28 | | - സെമിനാരി കമ്മീഷൻ, ആലുവ |
| 30 | | - പൊട്ടൻകാട് |

